# രണ്ടാട്ടക്കഥകൾ

(ശ്രീരാമാവതാരവും സീതാവിവാഹവും)

BHARATHA VILASAM PRESS
TRICHUR

കൊട്ടാരത്തിൽ ശങ്കുണ്ണി.

# രണ്ടാട്ടക്കഥകൾ.

(ശ്രീരാമാവതാരവും സീതാവിവാഹവും)

കൊട്ടാരത്തിൽ ശങ്കുണ്ണി

ഉണ്ടാക്കിയത്.

ഭാരതവിലാസം അച്ചുക്കൂടം

തൃശ്ശിവപേരൂർ.

൧൦൭൩.

കേരളസാഹിത്യ അക്കാദമി ഗ്രന്ഥാലയം

Digitized By Kerala Sahitya Akademi

# ശ്രീരാമാവതാരം

## ആട്ടക്കഥ.

### വന്ദനശ്ലോകങ്ങൾ

ശംഭോരാദ്യം തനൂജം ഗജവരവദനം
പത്മജാതാത്മജായാ-
മംഭോജാക്ഷഞ്ച ഭദ്രാം ഭവനയനഭവാം
മൽഗുരൂൻ സൽഗുണാഢ്യാൻ
ഡംഭാപേതാൻ ബുധേന്ദ്രാനഖിലമുനിവരാൻ
ഭൂസുരേന്ദ്രാൻ സുരേന്ദ്രാൻ
രംഭാകാന്താരസംസ്ഥം മമ ഹൃദി കലയേ
മാരുതിം ധീരധീരം.

ശ്രീലാസ്യാമേയരംഗം ശ്രിതജനദിവിഷൽ-
പാദപം മേദുരാഭം
നീലാംഭോദാളിവർണ്ണം നിരുപമകരുണാ-
സാരപീയൂഷവർഷം
ശ്രീഹസ്താംഭോരുഹോദ്യന്നിശിതശരശരാ-
സോജ്ജ്വലം നിർജ്ജരഢ്യം
ശ്രീഹസ്താരണ്യഗേഹസ്ഥിതമവനിസുതാ-
ഭാഗ്യസൌഭാഗ്യമീഡേ. ൧

ചൊല്ലൊള്ളുന്നൊരു "കീഴിണിപ്പുറ"മതാം
പൂർവ്വാശ്രമം വിട്ടഹോ!
തൃക്കൈക്കൊട്ടുമഠത്തിൽ വാണരുളിടും
വന്ദ്യൻ യതീന്ദ്രോത്തമൻ
ഇക്കാലത്തരുളീട്ടു സന്മതികളേ!
ശങ്കുണ്ണി നിർമ്മിച്ചതാ-
മിക്കാവ്യം പരിശുദ്ധമാക്കുവിനലം
രാമാവതാരാഭിധം. ൨

Digitized By Kerala Sahitya Akademi

പുറപ്പാട.

ഭൈരവി—ചെമ്പട.

അദ്യാപി ഭാതി ജഗതീതിലകായിതാ യാ
ഹൃദ്യാ പുരീ സുഖകരീ ഭുവി കോസലേഷു
ശ്രീമാനിഭക്തമണിരത്ര പുരാ മഹാത്മാ
രാജാവസദ്ദശരഥസ്സ തു താമയോദ്ധ്യാം. ൧

ചരണങ്ങൾ.

൧. സൂര്യവംശാർണ്ണവചന്ദ്രൻ സൂരി ഗുണസാന്ദ്രൻ
വീര്യവിജിതമഹേന്ദ്രൻ വിശ്രുതൻ രാജേന്ദ്രൻ.
൨. ചാരുതാജിതമന്മഥൻ ശക്രാദിസമ്മതൻ
ധീരോദാത്തൻ മഹാരഥൻ ധീമാൻ ദശരഥൻ.
൩. മന്ത്രകുശലന്മാരാകും മന്ത്രിവരരോടും
കാന്താഗണത്തോടും കൂടി സ്വാന്താനന്ദം പൂണ്ടു.
൪. സന്താപഹീനം തൻരാജ്യം സന്തതം പാലിച്ചു
ചിന്ത വിട്ടു നിജാലയേ ഹന്ത! സുഖം വാണു.

കാമോദരി—ചെമ്പട.

കാലേ ലോലേ കദാചിന്മനസി ബഹുതരം
മാധവസ്യ പ്രഭാവം-
ദാരാദാരാമദേശേ തരുവരലതികാ-
പുഷ്പസൌരഭ്യരമ്യേ
ശ്രീമാൻ ശ്രീമാധവശ്രീ പദസരസിജഭൃം-
ഗായമാനാന്തരാത്മാ
രാജാ രാജാഞ്ചിതാസ്യാം രഹസി ദശരഥഃ
പ്രാഹ കാന്താം സകാന്താം. ൨

ചരണങ്ങൾ.

൧. കല്യേ! കേൾക്ക ഭാഷിതം കൌ, സല്യേ! മമ കാന്തേ!
തുല്യാപേതാരാമഭംഗി കല്യാണി! കണ്ടായോ?
൨. ഭൂരുഹങ്ങളെല്ലാം പൂത്തു, ഭൂരിഗന്ധമൊത്തു
ചാരുവാം മന്ദമരുത്തു ചേരുന്നു ചാരത്തു.
൩. ഇന്ദിന്ദിരവൃന്ദമിന്നു മന്ദം മുരളുന്നു
ചന്ദ്രനുദിച്ചുണ്ടുയർന്നു ചന്ദ്രിക പരന്നു.

Digitized By Kerala Sahitya Akademi

ര. ഉദ്യാനഭംഗികൾ കണ്ടു ഹൃദ്യാമോദം പൂണ്ടു
അദ്യ വാഴാമിഹ ചാലേ ഹൃദ്യാപാംഗി! ബാലേ!

എരിക്കില—ചെമ്പട.

പല്ലവി.

കല്യമാനസ! കാന്ത! കല്യാണഗുണസിന്ധോ!
സോല്ലാസമിഹ മമ സല്ലാപം കേട്ടാലും നീ.

അനുപല്ലവി.

ചൊല്ലെഴും ഭവാൻ മമ വല്ലഭനാകയാലേ
അല്ലലിന്നവകാശം തെല്ലുമില്ലിഹ പാൎത്താൽ—കല്യ

ചരണങ്ങൾ.

൧. വൃത്രാരിസമവീൎയ്യൻ ചിത്തജസമാകാരൻ
വിത്തേശസമധനൻ സത്തമൻ ഭൎത്താവോൎത്താൽ
പ്രത്യേകമിതിൽപ്പരം പൃത്ഥ്വീന്ദ്ര! ഗുണമൊന്നും
അത്ര വരുവാനില്ല സത്യമായുന്നെ ചൊല്ലാം—കല്യ

൨. എന്നല്ല, ഭവാനോൎത്താലിന്നിഹ വല്ലഭമാർ
ഒന്നരണ്ടല്ലുണ്ടല്ലോ മൂന്നാം പിന്നെ മൂന്നും
എന്നാലുമനുരാഗമെന്നേക്കുറിച്ചു ചിത്തേ
മന്നവ! ഭവാനേറമെന്നതും നിസ്സന്ദേഹം—കല്യ

ദ്വിജാവന്തി.

൩. എങ്കിലും പുത്രമുഖപങ്കജം കാണാഞ്ഞുള്ളിൽ
സങ്കടം സൎവ്വകാലമങ്കുരിച്ചീടുന്നു
ശങ്കയില്ലൊരു പുത്രനെങ്കിലുമില്ലെന്നാകിൽ
എൻകാന്ത! പരലോകത്തിങ്കലും സുഖമില്ല—കല്യ

൪. ഉൾക്കാമ്പിലതു പാരമെക്കാലത്തുമോൎക്കയാൽ
സൽഗുണാംബുധേ! മമ സൌഖ്യവസ്തുക്കളും
ദുഷ്ക്കൎമ്മശക്തിമൂലം ദുഃഖദങ്ങളാകുന്നു
മൽകാന്ത! മനം നേരേ നില്ക്കുന്നുമില്ലൊന്നിലും—കല്യ

ഭൈരവി—ചെമ്പട.

പല്ലവി.

ആതുരതാമിതുമൂലമേതുമേ വേണ്ടെടോ! സൎവ്വ-
കാതരാക്ഷിമൌലിമാലികേ! ചേതസി പാരം
പ്രീതി പൂണ്ടു വാഴ്ക മൽപ്രിയേ!

Digitized By Kerala Sahitya Akademi

അനുപല്ലവി.

ജാതസുഖം തവ്വയി മമ ഖലു തനയൻ
ജാതനതാമതിനില്ല വിവാദം—ആതുരത

ചരണങ്ങൾ.

൧. നായാട്ടിനായി പണ്ടു വനേ പോയ കാലമഹം നിശി
തോയനാദം കേട്ടു സത്വരം, ആനയെന്നോൎത്തു
സായകമൊന്നയച്ചീടിനേൻ,
ആയതുകൊണ്ടൊരു മുനിസുതജീവാ-
പായം വന്നുഭവിച്ചിതു ദൈവാൽ—ആതുരത

൨. വൃദ്ധനന്ധൻ തജ്ജനകൻ ക്രുദ്ധനായി ശപിച്ചു മാം
"പുത്രവിയോഗാൎത്തികൊണ്ടു താൻ, ഭൂപതേ! തവ
മൃത്യു ഭവിക്കട്ടെ" എന്നേവം,
പുത്രനെനിക്കു ഭവിച്ചീടാതെ
പുത്രവിയോഗം കഥമുളവാകും?—ആതുരത

൩. ശുദ്ധമതിയായി, വയോവൃദ്ധനായി, മഹാതപോ-
വൃദ്ധനായ മുനിതന്നുടേ, വാക്യമായതു
വ്യൎത്ഥമായിബ്ഭവിച്ചീടുമോ?
അതതലൊഴിഞ്ഞു നമുക്കതുകൊണ്ടിഹ
പുത്രസുഖം മേലുളവാം നിയതം—ആതുരത

സുരുട്ടി—മുറിയടന്ത.

ഇതി നൃപകുലമൌലൌ സാന്ത്വയിത്വാ സ്വകാന്താ-
മധിവസതി പുരീം താം ഭൂതധാത്രീ കദാചിൽ
നിശിചരനികരാണാം ഘോരഭാരേണ ഖിന്നാ
മൃഗദദിതി വിരിഞ്ചം പ്രാപ്യ നത്വാ വിഷാദാൽ.

പല്ലവി.

പരിഹര മമ ഖേദം, പങ്കജയോനേ!
പണിയുന്നേൻ തവ പാദം.

അനുപല്ലവി.

സുരമുനിസഭതന്നിൽ ശരിയല്ലിന്നൊരു തന്വി
വരുവതെങ്കിലുമലിവൊടെൻ വ്യഥ
പെരുതിതോൎത്തു പൊറുക്ക മേ പിഴ—പരിഹര

Digitized By Kerala Sahitya Akademi

ചരണങ്ങൾ.

൧. അവിവേകോൽകടന്മാരാം, ആശരരുടെ
അവധിയററെഴും ഭാരാൽ,
അവശത ചെറുതല്ലേ അവിടേക്കിന്നറിവില്ലേ?
ഇവളിലൊരു കൃപ തവ തു സരസിജ-
ഭവന! നിജഹൃദി ഭവതു ജവമൊടു—പരിഹര

൨. ദുഷ്ടൻ രാവണൻമൂലം, ദൈവമേ! സൎവ്വ-
വിഷ്ടപമിതുകാലം,
നഷ്ടമായ്ഭവിക്കുന്നു സ്രഷ്ടാവേ! നിനക്കിന്നു
കഷ്ടമൊരു കൃപ ശിഷ്ട! കിമു നഹി?
ദുഷ്ടനാശക! ശിഷ്ടപാലക!—പരിഹര മമ

കാമോദരി—മുറിയടന്ത.

പല്ലവി.

ഗീരു മേ ഭൂതധാത്രി! കേട്ടുകൊൾക
തീരുമേ മാനസാൎത്തി.

അനുപല്ലവി.

നേരു തന്നെ ദുഷ്ടഭാരം നിനക്കിഹ
പാരമസഹ്യം മയാ പരിജ്ഞാതം—ഗീരു മേ

ചരണങ്ങൾ.

൧. നൂനം മമ വരദാനംമൂലം യാതു-
ധാനേശൻ ഗൎവ്വിതനായ്, ദിവി
ദീനത ചേൎക്കുന്നു വാനവൎക്കും ഭുവി
മാനുഷജാതികൾക്കും
ഞാനത്രേ ഹന്ത! നിദാനമിതിന്നെല്ലാം
മാനസേ പാൎത്തുകണ്ടാൽ, ശുഭാകൃതേ!—ഗീരു

൨. ദുഷ്ടൻ പാരം രക്ഷോരാട്ടവനെങ്കിലും
ഇഷ്ടവരദനഹം, തന്നെ
നഷ്ടീകരിക്കുക ശിഷ്ടധൎമ്മാവി-
ല്ലൊട്ടുമിന്നോൎത്തുകണ്ടാൽ.



Digitized By Kerala Sahitya Akademi

ത്തുഷ്ട്യാ വിഷട്ടവും നട്ടു വളത്തിയാൽ
വെട്ടിക്കളക കഷ്ടം! സപായം പിന്നെ— ഗീരു

ന.. പാരെന്നു പേരാകും ഭൂരുഹത്തിന്നെഴും
നാരായവേരാകുന്ന, സാക്ഷാൽ
നാരായണൻതന്നെ ക്ഷീരാംബുധി പുക്ക
പാരം സ്തുതിച്ചു പാദം
പാരാതെ വന്ദിച്ചു കാൎയ്യമുണത്തിച്ചാൽ
തീരുമീസ്സങ്കടങ്ങൾ, തൽസഹായാൽ—ഗീരു

ര. എന്നാൽ പുറപ്പെടാം പന്നഗശായിയെ
ചെന്നങ്ങു കണ്ടീടുവാൻ, ഞാനും
വന്നീടാം വൈകാതെ ചന്ദ്രചൂഡൻതാനു-
മിന്ദ്രാദിദേവന്മാരും
സന്ദേഹമെന്നിയേ വന്നുചേന്നീടേണം
ഒന്നിച്ചു ചേന്നങ്ങനെ, പാലാഴിയിൽ—ഗീരു മേ

ആനന്ദഭൈരവി—ചെമ്പട.

ഏവം നിശമ്യധരയാ തപരയാ സമസ്ത-
ദേവൈസ്സമം മുനികുലൈശ്ച പയഃപയോധിം
ഗത്വാ പ്രണമ്യ വിനതാത്മിഹരം വിഭും തം
തുഷ്ടാവ പുഷ്ടതരഭക്തിയുതോ വിരിഞ്ചഃ. ൭

പല്ലവി.

വന്ദേഹം വിഷ്ണോ! വന്ദേഹം.

ചരണങ്ങൾ.

൧. ഇന്ദിരേശ! സൎവ്വലോകവന്ദനീയപാദാംബുജ!
ഇന്ദുതുല്യസുന്ദരാസ്യ! സുരവര-
വൃന്ദമത്ര ഖിന്നമാശു പാലയ—വന്ദേഹം

൨. ഗോവിന്ദ! ജയ ഗോവിന്ദ!
രാവണാദി രാക്ഷസരാൽ ദേവകൾക്കിപ്പൊഴുതെഴും
ആവിലതപമാകെയിന്നു പറവതി-
നാവതില്ല ദേവദേവ! പാലയ— വന്ദേഹം

Digitized By Kerala Sahitya Akademi

൩. മാധവ! പാഹി മാധവ!
ആധാരമീശ്വരസ്തോത്രാൽ ശ്രീധര! നീയൊഴിഞ്ഞു
യാതുധാനഭാരഖിന്നയിവളുടെ- [ണ്ടോ?
യാതുരതാമാശു തീർത്തയക്കുക — വന്ദേഹം

ഇടശ്ലോകം.

ഏവം പിതാമഹനമർത്ത്യരൊടൊത്തു കൂപ്പി-
ബ്ഭാവം തെളിഞ്ഞു പരിചോടു പുകഴ്ത്തിയപ്പോൾ
ഗോവിന്ദനാശു പരിതുഷ്ടി കലൎന്നു മുന്നി-
ലാവിർഭവിച്ചു വിധിയോടരുൾചെയ്തിതേവം. ൮

ഇന്ദളം.

തുഷ്ടോഹം പത്മയോനേ! സ്തുതിഭിരിഹ പരം
ജ്ഞാതമേതച്ച കാൎയ്യം
മർത്ത്യാകാരോ ധരായാം ദശരഥനൃപതേഃ
പുത്രഭാവേന ഭൂത്വാ
രക്ഷോനാഥം വധിഷ്യാമ്യ,ഖിലസുരവരാ
മത്സഹായം വിധാതും
ജായേരൻ കീശരൂപാ,സ്സഹ വിബുധഗണൈ-
ൎഗ്ഗച്ഛ, ഭൂയാൽ സുഖം വഃ. ൯

സാവേരി—ചമ്പ.

ഇത്യുക്ത്വാ സൎവ്വനാഥേ സരസിജനയനേ
സ്വൈരമന്തൎഹിതേസ്മിൻ,
സാൎദ്ധം ദേവൈശ്ച ധാത്രാ പ്രമുദിതഹൃദയേ
നിൎഗ്ഗതേ പത്മയോനൌ
കാലേ തസ്മിൻ കദാചിദ്ദശരഥനൃപതി-
ൎബ്രഹ്മപുത്രം വസിഷ്ഠം
നത്വാ പ്രോചേ മുനീന്ദ്രം നിജഗുരുമനപ-
ത്യത്വതപ്താന്തരാത്മാ. ൧൦

ചരണങ്ങൾ.

൧. സാരസഭവാത്മജ! സാദരം ത്വൽപദ-
താരിണ തൊഴുന്നു ഞാൻ താപസാഗ്രേസര!

Digitized By Kerala Sahitya Akademi

ഭൂരിപരിതാപമുൾപ്പൂവിങ്കലെന്നുമേ
ഘോരദഹനോപമം കത്തുന്നു മൽഗുരോ!

൨. സന്തതിവിഹീനനാം സാവ്വഭൌമതചവും
സന്തതവുമാത്തിദം സന്ദേഹമില്ലഹോ!
എന്തു മമ കത്തവ്യമെന്നുള്ളതും ഭവാൻ
സചാന്തഭുവി ചിന്തിച്ചു സാമ്പ്രതം ചൊല്ലണം.

കല്യാണി—ചെമ്പട.

പല്ലവി.

വീര! ഗുണാംബുനിധേ! ഭവതു തവ
വീയ്യശൌയ്യവസതേ! കുശലം.

അനുപല്ലവി.

ഭൂരിവിനയനയസാരബോധദൃഢ-
നിജധീബലജിതധിഷണ! ധരാധിപ!— വീര!

ചരണം.

ചേതസി തവ ഖലു വേണ്ട വിഷാദം, മാമകവാകി-
ന്നേതുമുടിക്കകയില്ലിഹ ഭേദം
പൂതമതേ! നീ സന്ത്യജ നിവ്വേദം, പുത്രകാമേഷ്ടി
ചാതുരിയോടു നടത്തുക നിവ്വാദം, ഋശ്യശൃംഗനേ
ആദരാദിഹ വരുത്തണം, അവനു
മോദമൻപൊടു വരുത്തണം, ക്രിയ സു-
ജാതനമ്മുനി നടത്തണം, തവ ഹി
ജാതരാം തനയരക്ഷണം
ജാതമോദമതിനാലുടൻ വിടുക
ദൂതരസ്സരസമശചമേധമതു-
മാദിയിലിന്നിതിനാദരണീയം
ഭൂതലശ! വീതശങ്കമറിയുക— വീര!

വൃത്തഭേദം.

ബ്രഹ്മപുത്രനതിനിമ്മലൻ സകല-
സമ്മതൻ മുനി പറഞ്ഞ വാ-

Digitized By Kerala Sahitya Akademi

ക്കന്മഹാൻ നൃപതി സമ്മതിച്ചു ശുഭ-
കർമ്മസക്തനഥ തൽക്ഷണം
സമ്മദേന സഹ തന്മഹാസചിവ-
നമ്മഹാമതി സുമന്ത്രരെ-
പ്പൊന്മയം രഥമുമേകി വിട്ടു സുഖ-
മൃശ്യശൃംഗനെ വരുത്തിനാൻ. ൧൧

വട്ടമൊക്കെയഥ കൂട്ടിയമ്മുനി-
വരിഷ്ഠനുള്ളിലലമിഷ്ടമാം
മട്ടു തന്നെയുടനിഷ്ടിശാലയതു
കെട്ടി തത്ര സരയൂതടേ
ശിഷ്ടരാം മുനികളൊട്ടനേകമതി-
തുഷ്ടിയോടുമവിടേക്കു മു-
ന്നിട്ടു ചെന്നൊരു വസിഷ്ഠനോടുമുപ-
വിഷ്ടരായിതവിടെത്തദാ. ൧൨

വേഗമോടു നരലോകനാഥനഥ
യാഗദീക്ഷയോടു മേവിനാൻ
യോഗമൊത്ത മുനി ലോകരാസ്ഥയൊടു
യോഗമൊത്തു വിധിപോലഹോ!
യാഗകർമ്മമതനാകുലം സരസ-
മാകലയ്യ നിവസിച്ചു, നൽ-
ഭാഗധേയനിധിയാകുമാ നൃപതി-
യേകി ദക്ഷിണകളാകവേ. ൧൩

അശ്വമേധമതിനാൽ തെളിഞ്ഞു ബത!
വിശ്വദേവകളുമഞ്ജസാ
“വിശ്വനാഥനജനാച്യുതൻ നൃവര-
നിച്ഛയേകണ”മിതി ക്ഷണം
നിശ്ചലം മനസി നിശ്ചയിച്ചു പര-
മൃശ്യശൃംഗമുനിപുംഗവൻ
സ്വച്ഛമൻപൊടു കഴിച്ചിതാഹുതിക-
ളുച്ചഭക്തിഭരിതാശയൻ. ൧൪



Digitized By Kerala Sahitya Akademi

മദ്ധ്യമാവതി—ചെമ്പട.

ഹോമകുണ്ഡമതിൽനിന്നുയൎന്നുടൻ
ശ്രീഹുതാശനിഭഗവാൻ പ്രസാദവാൻ
ഹേമപാത്രമഥ പായസാന്വിതം
ഭൂമഹേന്ദ്രനു കൊടുത്തു ചൊല്ലിനാൻ. ൧൭

പല്ലവി.

തക്ഷണമാദരാൽ കേൾക്ക ഭൂപ! മേ ഭാഷിതമിദ-
മക്ഷതവംശമണിദീപക!

അനുപല്ലവി.

സൽഗ്ഗുണാംബുധേ! വേണ്ട ഖേദം
സാരസാക്ഷസൽപ്രസാദം
ത്വൽകരഗതം നിൎവ്വാദം
തിങ്ങിടും മേൽ തവ മോദം— തക്ഷണമാ

ചരണങ്ങൾ.

൧. പായസമിതിന്നു ഭൂപതേ! ദേവനിൎമ്മിതം
ഭാൎയ്യമാൎക്കേകുക സന്മതേ!
ആയവൎക്കുണ്ടാകും ഗൎഭം
ആയതിൽ വേണ്ട വികല്പം
മായമോ മാരണമോ സ്വല്പം
മാധവൻതന്റെ സങ്കല്പം—തക്ഷണമാ
൨. പുണ്യനിധേ! വാഴ്ക മാൽകാതേ, പൂജ്യരാം നാലു
പുത്രരുണ്ടാം തവ വൈകാതേ
നിൎണ്ണയം നീ ഭാഗ്യാംബുധി
നിൎമ്മലസൽഗ്ഗുണനിധി
തിണ്ണമിപ്പോൾ ഖേദാവധി
തീൎന്നിടാൻ വന്നു തേ വിധി— തക്ഷണമാ

ഉശാനി—മുറിയടന്ത.

ഇത്യുക്തപാവകഹിതേതൌ ഭഗവതി നൃപതി-
സ്സാധു നൃപാ കൃതാൎത്ഥഃ
കൌസല്യായൈ പ്രിയായൈ പ്രഥമമഥ മുദാ
കേകയേന്ദ്രാത്മജായൈ

Digitized By Kerala Sahitya Akademi

അദ്ധാ സോദ്ധാ വിദഗ്ദ്ധ്യ പ്രചലിതഹൃദയോ
ദത്തവാൻ പായസം ത-
ച്ഛ്രുത്വാഗത്യാത്ര നത്വാ പ്രിയതമമവദൽ
പത്മനേത്രാ സുമിത്രാ. ഛന്ദ

പല്ലവി.

മൽപ്രിയതമ! കേട്ടാലും, മാമകവാചം
പുഷ്പസായകസന്നിഭ!

അനുപല്ലവി.

ഇപ്രകാരമിവളിലപ്രീതി തവ തോന്നാൻ
സൽപ്രഭോ! പരമെന്തു വിപ്രിയമഹം ചെയ്തു?—മൽ

ചരണങ്ങൾ.

൧. മേദുരഗുണവാരിധേ! മന്നവ! പക്ഷ-
ഭേദം ഹേ! തവ യോഗ്യമോ?
ഹാ! ദിവ്യചരുവതിൻസ്വാദറിവതിനും മേ
മേദിനീശ്വര! കഷ്ടമേതും വിധിയില്ലെന്നോ?-മൽപ്രിയ

൨. മാനദ്രവശ്വരത്നമേ! മാനിയാം തവ
ഞാനും വല്ലഭയല്ലയോ?
ന്യൂനതയെന്തുണ്ടിതിനു നിദാനമെന്തിഹ? നൈവ
ജാനേ വല്ലഭ! ഭൂമിജാനേ! ചൊല്ലുക നേരേ—മൽപ്രിയ

കൌസല്യ

മത്തവാരണഗാമിനി! മാമകാംശത്തി-
ലർദ്ധമിന്നഹമേകീടാം
അത്തൽവേണ്ട കതാരിൽ ഭർത്താവോടിതിന്നിനി
ക്രുദ്ധിയെത്തുംവേണ്ട സത്തമേ! സഹോദരി!—മത്ത

കൈകേയി

എന്നാൽ ഞാനുമിന്നേകീടാം, എന്നുടെഭാഗാ-
ന്നിച്ചർദ്ധമെൻസുമിത്രേ!
സന്ദേഹമിതിൽ വേണ്ട മന്നവൻ തവ ചരു
തന്നിടാഞ്ഞതിൽ ഹേതുവൊന്നുമില്ലറിഞ്ഞാലും—എന്നാൽ

രാജാ

മാനിനീകുലമാലികേ! മൽപ്രിയേ! താപം
മാനസേ തവ തീർന്നില്ലേ?

Digitized By Kerala Sahitya Akademi

മാനേലുംമിഴി! മൂന്നു ഞാനേകിയെന്നാൽ ഗജ-
യാനേ! മുക്കൂറിലൊന്നായതേ ലാഭമിതല്ലേ?—മാനിനി

ഇടശ്ലോകം.

മധുരമഹിതമേതൽ പായസം പ്രാശ്യ മോദാൽ
വിധുരത ഹൃദി വിട്ടാപ്രീതനാം ഭൂപതീന്ദ്രാൽ
വിധുനിഭമുഖിമാരാം മൂവരും ദൈവയോഗാ-
ദ്ദുരഥജവമോടേറ്റുത്തമം ഗർഭമപ്പോൾ. ൭

മോഹനം — മുറിയടന്ത.

മാസം സമ്പൂർണ്ണമാന്നീ നവമി പുണർതമാം
  നാളിൽ മേളിച്ചു മേഷേ
മാസേത്യുച്ചസ്ഥപഞ്ചഗ്രഹശുഭഫലസം-
  യുക്തമാം കർക്കിലഗ്നേ
കൌസല്യാഗർഭദേശാജ്ജവമൊടവതരി-
  ച്ചച്യുതൻ വിശ്വരൂപൻ
ഭാസിച്ചു, തം സ്തുതിച്ചു ജനനി സുമനസാം
  പുഷ്പവൃഷ്ട്യാ പ്രഹൃഷ്ടാ. ൮

പല്ലവി.

ശ്രീപതേ! വിഷ്ണോ! ജഗന്നായക! തവ
ശ്രീപദം കൈകൂപ്പി തൊഴുന്നേൻ.

അനുപല്ലവി.

താപഹര! ഹരേ! താവകമാം വിശ്വ-
രൂപം മൽപുത്രത്വത്തിന്നനുരൂപമോ?—ശ്രീപതേ!

ചരണങ്ങൾ.

൧. പൊന്നിൻകിരീടവും മിന്നും ലലാടവും
ചന്ദ്രതുല്യാസ്യമിതും, വിഭോ!
വന്യമാലാദിയും കൌസ്തുഭരത്നവും
ധന്യമാം ശ്രീവത്സചിഹ്നവും ശോഭനം—ശ്രീപതേ!

൨. ശംഖം, ചക്രം, ഗദാ, പങ്കജമീവക
തങ്ങുന്ന തൃക്കൈകളും, വിഭോ!
തങ്കനിറമാമുടയാടയും പാദ-
പങ്കജയുഗവുമെത്രയും ശോഭനം—ശ്രീപതേ!

Digitized By Kerala Sahitya Akademi

൩. നീരിഞ്ഞാർബന്ധുസഹസ്രപ്രകാശവും
കാററൊത്ത ദേഹാഭയും, വിഭോ!
പാരാതെ കാങ്കയാൽ പാരിതിലിന്നിവൾ
പാരം ഹാ! ധന്യയായ്തീൎന്നു കൃപാനിധേ!—ശ്രീപ-

൪. ലോകൈകനായക! ശോകവിനാശക!
യോഗീന്ദ്രന്മാൎക്കു പോലും, വിഭോ!
യോഗം ഭവിക്കുമോ താവകമീദൃശ-
മാകും സ്വരൂപം ഹാ! വേഗേന കാണുവാൻ?—ശ്രീപ

൫. ഈരേഴുലോകവുമുള്ളിലൊതുക്കുന്ന
നാരായണനാം ഭവാൻ, വിഭോ!
സൈരമെൻഗൎഭത്തിലത്ര വസിച്ചതു-
മോരുമ്പോളെത്രയുമത്ഭുതമത്ഭുതം!—ശ്രീപതേ!

൬. ചേരലാട്ട മൽപുത്രബുദ്ധ്യാ ഭവാനുടെ
ബാലസല്ലീല കാണ്മാൻ, വിഭോ!
ലോലമെൻമാനസമാകയാൽ വൈകാതെ
ബാലാനുരൂപമാം രൂപാ ധരിക്ക നീ—ശ്രീപതേ!

ഇന്ദളം.

അമ്മേ! ജന്മാന്തരേ നീയദിതി, മമ പിതാ
കശ്യപൻ, നിങ്ങളപ്പോൾ
ചെമ്മേ നമ്മോടപേക്ഷിച്ചിതു ബത! സുതനാ-
യ്വന്നു ഞാൻ തീൎന്നിടാനായ്,
ബ്രഹ്മാവത്ഥിച്ചു പിന്നെദ്ദശമുഖഹതിയാൽ
ഭൂഭരം തീക്കുവാനീ-
ജ്ജന്മത്തിൻഹേതു രണ്ടിങ്ങനെ, തവ ഹിതവും
പൈതലായ് ചെയ്തിടാം ഞാൻ. ഹൻ

ഇടശ്ലോകം.

തെററെന്നേവം പറഞ്ഞാ ഹരിയൊരു ശിശുവായ്-
ത്തീൎന്നു താലോക്യ മാതാ
മുററം മായാംബുരാശൌ മുഴുകിയഥ വിഭും
പുത്രബുദ്ധ്യാ പുണൎന്നാൾ



Digitized By Kerala Sahitya Akademi

പിററന്നാളപ്പോൾ കൈകേയിയുമൊരു സുതനേ-
ച്ചിത്രമേ! പുത്രയുഗ്മം
പെററാൾ മോദാൽ സുമിത്രാപി ച ശുഭ ചതുർഭാ-
ഗദ്വയസ്യ പ്രഭാവാൽ. ൨൦

കല്യാണി—ചെമ്പട.

ശ്രുത്വാ പുത്രചതുഷ്ടയോത്ഭവമഹം
പൃത്ഥ്വീശ്വരോ വിശ്രുതം
ദത്വാ ഗോധനധാന്യദേശനിചയാൻ
വിപ്രോത്തമേഭ്യോ മുദാ
ഗത്വാന്തഃപുരമാശു വംശഗുരുണാ
തജ്ജാതകർമ്മാദികം
കൃത്വാ പുത്രമുഖാംബുജാനി കുതുകാൽ
ദൃഷ്ട്വാതിഹൃഷ്ടോഽവദൽ. ൨൧

പല്ലവി.

പുത്രമുഖാംബുജം പൂർണ്ണചന്ദ്രോപമം
അത്ര പരമാനന്ദമേകീടുന്നു.

അനുപല്ലവി.

ഇത്രനാളുമിതിന്നിങ്ങെത്രമാത്രം കൊതിച്ചു
നേത്രം മേ സഫലതാപാത്രമായതുമിന്നേ—പുത്രമു

ചരണം.

ചിത്രമിതേതദ്ദർശനത്താലിന്നു മാമക-
ചിത്തമലിഞ്ഞീടുന്നു സത്വരമഹോ!
ഗാത്രം മാമകമതിമാത്രം ഹാ! കുളുക്കുന്നു
പാർത്താലിന്നഹമേവ പാർത്തട്ടിലിഹ ധന്യൻ—പുത്രമു

ശങ്കരാഭരണം—ചെമ്പട.

കാലേ തദാനീം കുതുകീ മുനീന്ദ്രോ
നീലാംബുദശ്യാമളകോമളാംഗം
ബാലം കരാഭ്യാം പ്രഥമം ഗൃഹീത്വാ
ലോലാശയഃ പ്രാഹ മുദാ വസിഷ്ഠഃ. ൨൨

Digitized By Kerala Sahitya Akademi

ചരണങ്ങൾ

ഫ. പേരായിരമുള്ള സാക്ഷാൽ നാരായണനിവനിപ്പോൾ
ചേരും പേരെന്തോതീടേണ്ടു? ചേരാതിവനിലെന്തുള്ളൂ?
വ. ലോകേ യോഗിവൃന്ദമനമാകേ രമിപ്പതിവനിൽ
ആകയാൽ രാമനെന്നു ഞാനേകീടുന്നേൻ നാമമിപ്പോ
ന. പാരിത്തു ഭരിപ്പാനിവൻ പാരം നിപുണനാകയാൽ [ൾ
പാരാതെ ഭരതനെന്നു പേരിവനുമേകീടുന്നേൻ.
ര്. പക്ഷം രണ്ടില്ലിഹ സർവ്വലക്ഷണയുക്തനാകയാൽ
ലക്ഷ്മണനെന്നിവന്നാഹമിക്ഷണം പേരോതീടുന്നേൻ.
ഖ. ശത്രുഹനനത്തിന്നിവനെത്രയും ശക്തനാകയാൽ
ശത്രുഘ്നനെന്നിവന്നു ഞാനത്ര നാമമേകീടുന്നേൻ.

ഇന്ദിര — മുറിയടന്ത. •

ആളീജനാനാമധികാദരേണാ-
മാളീഭിരേത്യാശു തദാ ജനന്യഃ
നാളീകനേത്രാൻ തനയാൻ ഗൃഹീത്വാ
കേളീരസാദേവമലാളയം സ്താൻ. വന

ചരണങ്ങൾ

ഫ. താലോലം ശ്രീരാമചന്ദ്ര! ബാല!
താലോലം ഭൂലോകചന്ദ്ര!
വ. താലോലം താലോ ഭരത! ബാല!
താലോലം ചാരുചരിത!
ന. താലോലം ലക്ഷണയുക്ത! ബാല!
താലോലം ലക്ഷ്മണ! ശക്ത!
ര്. താലോലം സൽഗുണപാത്ര! ബാല!
താലോലം ശത്രുഘ്ന! പുത്ര!

ദണ്ഡകം.

ഫ. ലാളിച്ചു പാരമിതി മേളിച്ചു മാതൃജന-
മാളിച്ചിടുന്ന സുഖമോടും, ഹൃദി കൗതുകമോടും,
നിജസഹജരോടും, കമലദളനയനനതി-
വിമലതനു രാമനഥ കാലേ വളർന്നു രുചിയോടും.

Digitized By Kerala Sahitya Akademi

൨. പൂൎണ്ണിങ്കളൊത്ത മുഖകാന്തിപ്രവാഹമോട
നിന്തിത്തുടങ്ങി ഭുവി രാമൻ, സരസമഭിരാമൻ,
രുചിവിജിതകാമൻ, മന്ദതരഹാസമൃദു-
ചന്ദ്രികയൊടസ്യ മുഖ്യമീക്ഷിച്ചു മങ്ങി ബത! സോമൻ.

൩. മൊട്ടൊത്ത പല്ലുകളമൊട്ടൊട്ടു കാട്ടിയഥ
മട്ടൊത്ത പുഞ്ചിരി ചൊരിഞ്ഞു, പുനരതുകറഞ്ഞു,
പരമഥ കരഞ്ഞു, ലളിതതരമിതി കളികൾ
ലഘുതരമവേക്ഷിച്ചു ലോകക്കു മാനസമലിഞ്ഞു.

൪. മന്ദം പിടിച്ചുടനെഴുന്നേററ പിച്ചയതു
നിന്നിട്ടു വേഗമോടു താണും, പല പൊഴുതു വീണും,
പരമപി ച കേണും, തെളിവൊടിതി ചിതമുടയ
കളികളിഹ ശിശുനിരയി, ലൊക്കെപ്പൊളൊക്ക ഭുവികാ [ണും?

൫. ക്ലേസാതെ പുത്രരുടെ ഭാസിച്ചിടും കളികൾ
കൌസല്യ കണ്ടിട്ടവതിന്നു, സരസതരമന്നു,
സതതമപി ചെന്നു, കലിതതരനയനജല-
കലശലതുമൂലമഥ കഷ്ടം! കുഴങ്ങിയവൾ നിന്നു.

൬. "ഉപ്പാപ്പമപ്പ"മിതി വിസ്പഷ്ടവൎണ്ണമൊടു-
മല്പാല്പമൻപൊടു കഥിച്ചു, സഹജരൊരുമിച്ചു,
സുഖമൊടു ചരിച്ചു, രാമനുടെ കളികളിഹ
രാപ്പകൽ നിരീക്ഷിച്ചു രാജാവുമങ്ങനെ രസിച്ചു.

൭. തഞ്ചത്തിൽ നൽപ്പുലിനഖം ചേൎത്ത മോതിരമൊ-
ടഞ്ചാതെ ഭൂഷണമശേഷം, ബഹുതര വിശേഷം,
കലിതപരിതോഷം, ശബളരുചിരുചിരമവ
ചിതമൊടു ധരിച്ചളവു ശോഭിച്ചു രാമനുടെ വേഷം.

൮ അപ്പായസാംശഗതിയൊപ്പിച്ചു രാമനൊടു
കെല്പൊന്നു ലക്ഷ്മണനിരുന്നു, പരിചിനൊടു ചേൎന്നു,
പുരുകുതുകമാൎന്നു, ഭരതനൊടു സതതമപി
ശുഭവിനയഗുണജലധി ശത്രുഘ്നനൻപിനൊടമൎന്നു.

൯. ഇൗരണ്ടുപേരവരിലാരും പിരിഞ്ഞമരു-
മാറില്ലഹോ! ബഹുവിചിത്രം! അവരുടെ ചരിത്രം,

Digitized By Kerala Sahitya Akademi

അലമതിപവിത്രാ, സതതമിതി കണ്ടു ബത!
സകലജനവും തദാ സന്തോഷമാൎന്നിതതിമാത്രാ.

൧൦. ക്രൂരതരമമ്മയോട്ടു ചോരകവാൻ കുതുക-
ഭാരേണ രാമനൊരുകാലേ, അരുളിയതു ചാലേ,
പല പണികളാലേ, വ്യക്തമിഹ കേൾക്കാതെ
വെക്കമവൾ മററ ചില വേലയ്ക്കു പോയിയതുകാലേ.

൧൧. ചിക്കെന്നു രാമനഥ ശിക്യസ്ഥകുംഭമതു
തക്കം വിനാ ബത! തകൎത്തു, പരിചിനൊടടൎത്തു,
പാലുടനെടുത്തു, ജലജനിഭനയനനതു
ജവമൊടു കുടിച്ചു സഹജാതക്കുമൻപൊടു കൊടുത്തു.

൧൨. ഓടിക്കളിതച്ചു വടിയോടൊത്തുടൻ ജനനി
താഡിപ്പതിന്നു ബത! വന്നു, പദമിടറിനിന്നു,
പരവശതയാൎന്നു, കിടുകിടെ വിറച്ചു ഭയ-
മുടയ ശിശുവെന്ന പടി കേണന്നു രാമനുമുഴന്നു.

൧൩. വെക്കം പിടിച്ചു ബത! കൈക്കെങ്കിലും മൊഴിയു-
രയ്ക്കാതെ നിന്നവൾ കുഴങ്ങി, രുഷയുടനടങ്ങി,
പ്രിയത ഹൃദി തിങ്ങി, സുതരുടയ തനു തഴുകി മുങ്ങി.
സ്മൃതിയവൾ സുകൃതനിധി സന്തോഷസിന്ധുവതിൽ

സുരുട്ടി—ചെമ്പട.

മന്ദിച്ചുകോപമകമേ പുനരുററ മോദം
കന്നിച്ചഹോ! ജനനിയങ്ങു ഗമിച്ച ശേഷം
ഒന്നിച്ചുചേൎന്നു കുതുകേന കുമാരകന്മാർ
നന്ദിച്ചു ഖേലനരസേന വചിച്ചിതേവം. ൨൪

ശ്രീരാമർ

പല്ലവി.

സോല്ലാസമിഹ വരുവിൻ, സോദരന്മാരേ!
സോല്ലാസമിഹ വരുവിൻ.

അനുപല്ലവി.

അല്പലകന്നു മോദാൽ സല്ലീലയാടീടുവാൻ—സോല്ലാസ

5 *

Digitized By Kerala Sahitya Akademi

ചരണങ്ങൾ.

൧. വല്ലാതുണ്ടായ കോപമെല്ലാം വെടിഞ്ഞു മോദാൽ
കല്യയാം മാതാവങ്ങു മെല്ലവേ ഗമിച്ചല്ലോ— സോ
൨. വീര! ലക്ഷ്മണ! മമ ചാരവേ വന്നു വേഗം
ചാരുലീലകളിപ്പോൾ സൈ്വരം തുടങ്ങീടുക— സോ

ലക്ഷ്മണൻ

മോടിയോടിനിയൊത്തു കൂടി നമുക്കു കളി-
യാടീടാമിഹ തെല്ലും പേടി വേണ്ട കതാരിൽ.
പ്രൌഢശീല! ഹേ പൂൎവ്വജ! വന്നാലും വേഗം
പ്രൌഢശീല! ഹേ പൂൎവ്വജ!

ഭരതൻ

നമ്മൾക്കുമിഹ ചേൎന്നു നന്മയോടിനിയാരോ
നമ്മങ്ങൾ തുടങ്ങീടാം നിൎമ്മായം സഹോദര!
നിൎമ്മലാശയ! ശത്രുഘ്ന! വന്നാലും വേഗം
നിൎമ്മലാശയ! ശത്രുഘ്ന!

ശത്രുഘ്നൻ

അമ്പലമൊന്നു തീൎത്തോരമ്പോററിയേയും വെ
കമ്പവിട്ടു കൂപ്പി നമുക്കൻപോടു കളിച്ചീടാം. [ച്ചു
വൻപേറും മമ പൂൎവ്വജ! വന്നാലും വേഗം
വൻപേറും മമ പൂൎവ്വജ!

ഇടശ്ലോകം.

ലീലാലോലേഷു ബാലേഷ്വഥ കുലഗുരുണാ-
ചോപനീതേഷു വേഗാ-
ദഭ്യസ്താശേഷവിദ്യേഷ്വ ച സഹജയുത-
സ്സേഷ്വയം രാമഭദ്രഃ
ദൃഷ്ട്വാന്നിഘ്നൻ! മൃഗൌഘാന്ദിനമനു മൃഗയാ-
സക്തചിത്തോ വനാന്തം
ഗത്വാഗച്ഛന്നമൻസ്വം പിതരമിതി മുദാ
സ്വാം പുരീമധ്യവാത്സീൽ. വ൫

മുഖാരി—അടന്ത.

കാലേ കൌമാരഭാവം ഗതവതി സഹജൈ-
    സ്സംയുതേ രാമചന്ദ്രേ
താതേ പ്രീതേ പ്രമോദാമൃതനിധിപതിതേ
    മാതൃലോകേ ച ലോകേ
വിശ്വാമിത്രാ കദാചിന്മുനികുലതിലകഃ
    സ്വാലയപ്രാപ്തമാരാ-
ദ്ദൃഷ്ട്വാ തുഷ്ടാന്തരാത്മാ നൃപമണിരവദൽ
    സാധു നത്വാ വിനീതഃ. വന്ദ

പല്ലവി.

താപസകുലോത്തമ! താവകപാദാംബുജം
താപഹരമാദരാൽ താണു കൂപ്പുന്നു ഞാൻ.

അനുപല്ലവി.

ആപത്തൊഴിഞ്ഞു പരമാനന്ദമേറീടുവാൻ
ഭൂപക്കു ഭവൽപദപ്പൂവാണൊരാശ്രയം.

ചരണം.

ആഗമമഹാംഭോധിയാകും ഭവാനുടെ
ആഗമനകാരണമാകെ ശ്രവിക്കുവാൻ
ആകാംക്ഷതേടി പരമാശയം മാമകം
ആകുന്നതൊക്കെയഹമാശു ചെയ്തീടുവെൻ.

ശങ്കരാഭരണം—മുറിയടന്ത.

പല്ലവി.

മാൎത്താണ്ഡകുലാൎണ്ണവരാത്രീശ! കേൾക്ക വാചം
കീൎത്തനീയചരിത!

അനുപല്ലവി.

കൎത്തവ്യമായൊരു കൎമ്മം ഞാൻ പറഞ്ഞീടാം
ചിത്തമോദാലതു ചെയ്ക തേ ശുഭമസ്തു—മാൎത്താണ്ഡ

Digitized By Kerala Sahitya Akademi

ചരണങ്ങൾ.

൧. ഒരു സത്രം നടത്തുവാനൊരുമ്പെട്ടേൻ പലപ്പോഴും
നരവര! നലമോടു നടന്നില്ലായതിപ്പോഴും
ദുരിതരാശികളാകും ദുഷ്ടരാക്ഷസരുടെ
കരുമനകൊണ്ടു കാൎയ്യം കഷ്ടമാകുന്നു പാരിടം—മാൎത്താ

൨. ഒരുവനോക്കിൽ ബഹുകഠിനൻ ഹന്ത! മാരീചൻ
പരനുണ്ടേകൻ സുബാഹു കുടിലമാനസൻ നീചൻ
അരുതാതാനവർക്കണ്ടങ്ങനെ ചരനവധി
വിരുതോടായവർ മുടക്കുന്നു മൽക്രതുവിധി—മാൎത്താ

൩. ക്രതുരക്ഷാൎത്ഥമായ് ദുഷ്ടഹതി ചെയ്തീടുവാൻ ക്ഷണം
സുതനാം രാമനേയൊന്നിച്ചയച്ചാലും സലക്ഷ്മണം
ക്ഷിതിനാഥ! തവ ശങ്കയിതിലുണ്ടല്ലെന്നാകിൽ
വിധിസുതൻ വസിഷ്ഠൻതാൻ വിധിക്കും പെന്നു നീ
[ചോൽകിൽ—മാൎത്താണ്ഡ

മലഹരി—അടന്ത.

ഇത്ഥം നിശമ്യ വചനം കുശികാത്മജസ്യ
പൃത്ഥ്വീപതിസ്സുതവിയോഗവിചാരതപ്തഃ
ത്വരിതം ജഗാമ ബ്രഹ്മനന്ദനമേത്യ വേഗാ-
ന്നത്വാ മിഥോ നിജഗുരും നിജഗാദ ചൈവം. ൨൭

പല്ലവി.

ഗുരുവര! മാമുനേ! ഗുരുതരകൃപാംബുധേ!

അനുപല്ലവി.

അരവിന്ദഭവസൂനോ! ഗിരമിന്നു മമ കേൾക്ക—ഗുരു

ചരണങ്ങൾ.

൧. മിത്രഭാസുരൻ വിശ്വാമിത്രമാമുനിവരൻ
എത്രയും മോദമോടത്ര വന്നിരിക്കുന്നു
ശത്രുനിധനേന തൽസത്രം പാലിപ്പാൻ മുദാ
സത്രാ രാമനാകും മൽപുത്രനേ യാചിക്കുന്നു—ഗുരുവ

൨. രാമനേപ്പിരിഞ്ഞിഹ മാമുനേ! ക്ഷണാൎദ്ധവും

Digitized By Kerala Sahitya Akademi

താമസിക്കവാൻ ധൈൎയ്യം ഹാ! മമ നഹി നൂനം
കാമിതം നൽകീടാഞ്ഞാലാ മുനി ശപിച്ചീടും
നാമെന്തു വേണ്ടൂ? ചിത്തം സാമയം തളരുന്നു—ഗുരുവ

നാട്ടക്കുറിഞ്ഞി—ചെമ്പട.

പല്ലവി.

മന്നവ! വെറുതെ കദനം, വേണ്ടയി!
മാന്യ! കേൾക്ക മമ വചനം.

അനുപല്ലവി.

നന്ദനനെ മുനിതന്നോടുമൊന്നിച്ചു
നന്ദിപൂൎവ്വമങ്ങു നീ വിടുകുടനേ—മന്നവ!

ചരണങ്ങൾ.

൧. മാനുഷനല്ലാ രാമൻ മനുജപതേ! സാക്ഷാൽ
ദാനവാരി താനവൻ ശുഭവസതേ!
ദീനതയെന്തിനിന്നു തവ വെറുതേ? യാതു-
ധാനശഹതിക്കിഹ ഭുവി സുമതേ!
വാനവർ വിധിയോടു സഹ കദനാൽ
ഊനമററപേക്ഷിച്ചു പരമതിനാൽ
ദീനദയാലു വന്നിങ്ങവതരിച്ചു
നൂനം കൌശികനുമീ കഥ ധരിച്ചു—മന്നവ!

൨. ഭൂതലേ ജനകൻെറ പുരത്തിൽ വന്നു, ലക്ഷ്മി
സീതയായ് ജനിച്ചങ്ങു വസിച്ചിടുന്നു
ജാതമോദമവരെ സരസമിന്നു, തമ്മിൽ
ച്ച്യാതൻ കൌശികൻ ചേൎപ്പാൻ കരുതിടുന്നു
വീതശങ്കമയയ്ക്ക തവ സുതനേ
ജാതമാം ശുഭം തവ പരമുടനേ
ഭൂതലേശ! കേളിതു പരമഗൂഢം
നീ താൻ കരുതിക്കൊൾക മനസി ഗാഢം—മന്നവ!

തോടി—ചെമ്പട.

ശ്രുത്വാ ഗുരോൎവ്വചനമേവമഹോ! മഹാത്മാ



Digitized By Kerala Sahitya Akademi

ത്യക്ത്വാ വിഷാദമഖിലം വിചികിത്സിതഞ്ച
നത്വാഥ കൗശികമുനിം പുനരേത്യ സാദ്ധ്വം
രാമേണ സോദരയുതേന നൃപോ ബഭാഷേ. ൨൭

ചരണങ്ങൾ.

ഭ. സന്ദേഹമെന്യെ മമ നന്ദനന്മാരേയിന്നു
തന്നീടുന്നു ഞാൻ മുനേ! വന്ദേഹം ഭവൽപാദം.
ദ. രാമ! വത്സ! ലക്ഷ്മണ! മാമകസുതന്മാരേ!
മാമുനിയൊടു സാകം സാമോദം പോയീടുവിൻ.
ചെന്നുടൻ ശത്രുക്കളെ വെന്നു മുനിതൻയാഗം
നന്ദ്യാ രക്ഷിപ്പിൻ മേന്മേൽ വന്നുചേർന്നീടും ശുഭം.

സൌരാഷ്ട്രം—മുറിയടന്ത.

ചരണങ്ങൾ.

ഭ. ഇംഗിതം മേ നൃപമൌലേ! ഭാഗ്യമെന്യെ ലഭിക്കയാൽ
തുംഗമോദം വളരുന്നു മംഗളമസ്തു തേ നിത്യം.
ദ. ആകുലത്വമെന്നും നരലോകനാഥ! വേണ്ട ചിത്തേ
ശോകമററ വാഴ്ക സുഖം വൈകാതെ കണ്ടിടാം തമ്മിൽ.

വേകട—മുറിയടന്ത.

ഇത്ഥം ശ്രീകൌശികോക്ത്യാ പ്രമുദിതഹൃദയേ-
നാശു പിത്രാ നിയുക്തോ
രാമശ്ശസ്ത്രാസ്ത്രധാരീ നിജസഹജയുത-
സ്സാധു നത്വാ ഗുരുഭ്യഃ
ഗത്വാ ലബ്ധ്വാ ച വിദ്യാദ്വയമൃഷിതിലകാൽ
ക്ഷുൽക്ലമാദീനി മാർഗ്ഗേ
ത്യക്ത്വാ പ്രാപ്തോതിഘോരം വനമഥ മുനിരി-
ത്യാഹ സോയം കുമാരൌ. ൨൮

പല്ലവി.

കാടകമിതു കണ്ടായോ? ബാലരേ! നിങ്ങൾ
കാടകമിതു കണ്ടായോ?

Digitized By Kerala Sahitya Akademi

അനുപല്ലവി.

"താടകാവന"മെന്നു നാടകങ്ങളിലെല്ലാം
കേട്ടുകന്നിതിൻനാമം ഞാ മെത്രയും പാരം—കാടക

ചരണം.

താടകയെന്നു പേരായിട്ടുണ്ടൊരു രാക്ഷസി
പീഡാകാരിണിയുണ്ടിങ്ങിടോടായവൾതന്നെ
പേടിച്ചാരുമേ നടന്നീടുമാറില്ലിതിലേ
ആടലാറ രാമ! കൊന്നീടേണമവളെ നീ —കാടക

സൌരാഷ്ട്രം—മുറിയടന്ത.

മുനിവരഗിരമേവം ത്വൎണ്ണമാകൎണ്ണ്യ ചാപ-
ധ്വനിഭിരഥ വനാന്തം പൂരയാമാസ രാമഃ
ഝടിതി ദുരിതകോടിപേടികാ താടകാ ത-
ച്ഛ്രവണചലിതചിത്താ ഹന്ത! ചിന്താമധത്ത. ന൦

ചരണങ്ങൾ.

൧. ആരവമൊന്നിതാ പാരം ദൂരവേ ഹന്ത! കേൾക്കുന്നു
വീരനാമേകന്റെ മൌൎവ്വീഘോരനാദമിതു നൂനം.

൨. താടകയാമഹം വാഴും കാടകമിതിലിന്നേന്നേ
പേടി കൂടാതെ വന്നൊരു മൂഢന്മാരെന്നറിയേണം.

൩. ആരെന്നാലുമിഹ ചിത്തതാരിലില്ല ഭയം തെല്ലും
ചാരേ ചെന്നു കൊന്നവന്റെ ചോരയിന്നു കുടിക്കേണം.

കേദാരഗൌഡ—ചെമ്പട.

ഇത്ഥം വിനിശ്ചിത്യ നിശാചരീ സം
ബദ്ധപ്രരോഷാരുണഭീഷണാക്ഷീ
വീക്ഷ്യോപഗമ്യാശു മുനിം കുമാരൌ
രൂക്ഷാട്ടഹാസോൽകടമാചചക്ഷേ. ന൧

പല്ലവി.

മാനുഷകീടകരേ! എന്തെന്നുടെ
കാനനഭുവി വരുവാൻ?

Digitized By Kerala Sahitya Akademi

ചരണങ്ങൾ.

൧. മാനമൊടൊത്തു നമുക്കു ഭുജിപ്പാൻ
നൂനം ദൈവമയച്ചതു നിങ്ങളെ
ദീനത വിട്ടിഹ വന്നിടുക പര-
മാനന്ദേന ഭുജിപ്പെനിദാനീം—മാനുഷ

൨. മാനമൊടൊത്തു നമുക്കു വധിപ്പാൻ
നൂനം ദൈവമയച്ചതു നിന്നെ
ദീനത വിട്ടിഹ വന്നീടുക പര-
മാനന്ദേന വധിപ്പെനിദാനീം.
മാനുഷഭോജിനി! കാൺക വരുന്നു
മാൎഗ്ഗണമിന്നിതു മേ.

നീലാംബരി—അടന്ത.

രാമാസ്ത്രവിദ്ധാ രജനീചരീ സാ
ഭീമാൎത്തനാദോത്തു വിപത്യ ഭൂമൌ
മുക്താഥ ശാപാന്മുദമേത്യ യക്ഷീ
ഭൂത്വാ പ്രണമ്യാഹ രഘൂദ്വഹം തം. ൩൨

ചരണങ്ങൾ.

൧. ജയ ജയ ജഗന്നാഥ! ജലജചാരുലോചന!
അയി! തവ പാദാംബുജമഹമദ്യ വണങ്ങുന്നേൻ.

൨. രൂക്ഷമാം ശാപംമൂലം രാക്ഷസിയായോരഹം
യക്ഷിയായ്തീൎന്നേൻ പങ്കജേക്ഷണ! യഥാപൂൎവ്വം.

൩. മോക്ഷദൻ ഭവാൻ ശാപമോക്ഷം മേ നല്കി മോദാൽ
അക്ഷീണമാശിസ്സും മേയിക്ഷണം തന്നയയ്ക്ക.

ശങ്കരാഭരണം—ചെമ്പട.

ചരണം.

ശോകമെന്നിയേ നിജലോകം പുക്കു നീ യക്ഷി!
ബഹുകല്പകാലം സുഖം വാഴ്ക തേ ശുഭമസ്തു.

Digitized By Kerala Sahitya Akademi

ശ്ലോകം.

ഇത്ഥം നിഗദ്യ നിജപാദനതാം സ യക്ഷീം
പ്രസ്ഥാപ്യ സോദരയുതസ്സഹ കൌശികേന
സിദ്ധാശ്രമം മഹിതമേത്യ മുനീന്ദ്ര വര്യൈ-
സ്സമ്പൂജിതോ രഘുപതിസ്സുഖമധ്യുവാസ. ൨൨

പാടി — ചെമ്പട.

കാലേ തസ്മിൻ വസന്തേ വിലസതി ഭുവനേ
പുഷ്പസൌരഭ്യപൂർണ്ണേ
പ്രാലേയാംശൌ പ്രസന്നേ പ്രകടിതനിനദേ
കോകിലൌഘേ പ്രമത്തേ
നാരീമൌലിം സ്വകാന്താം നവനളിനമുഖീം
സ്വാങ്കമാരോപ്യ മോദാ-
ന്മാരീചോ മാനശാലീ മധുരതരമിമാം
ഭാരതീം വ്യാജഹാര. ൨൩

ചരണങ്ങൾ.

൧. അംഭോജദളനയനേ! രംഭോരു! മൽഗിരം
അഭോദാളീനിഭകചേ! അൻപോടു കേട്ടാലും.

൨. അമ്പിളിയുദിച്ചുയന്നു സമ്പ്രീതി മാനസേ
എൻപ്രിയേ! വളർത്തീടുന്നു കുംഭീന്ദ്രഗമനേ!

൩. ഉല്ലാസമാന്നിഹ കേളീസല്ലാപാദി ചെയ്യ
വല്ലഭേ! വാഴേണ്ടും കാലമല്ലയോയിതോർത്താൽ?

എരിക്കില — ചെമ്പട.

പല്ലവി.

പ്രാണവല്ലഭ! മൽഗിരം, മാനസപാരം
പ്രീണിച്ചു കേൾക്ക സത്വരം.

അനുപല്ലവി.

ചേണാന്ന വീരൻ പുഷ്പബാണൻ ചൊരിഞ്ഞീടുന്ന
പ്രാണഹരം സുമബാണഗണം മയി



Digitized By Kerala Sahitya Akademi

കൌണപവര! കൃപ കാണിയ്ക്കുമെന്ന്യേ—പ്രാണവല്ല

ഭാനനം.

കന്ദർപ്പരാജൻ വരുന്നു, തെന്നലാകുന്ന

സ്യന്ദനമതിലിരുന്നു

എന്നുള്ളിലലമിന്നു ഖിന്നത വളരുന്നു.

മന്ദത വിട്ടരവിന്ദശരം ബത!

വെന്നിഹ സുഖമയി! തന്നിടുക ധൃനാ—പ്രാണവല്ലഭ!

കണ്ഠാരം — മുറിയടന്ത.

മാരീചേന്ദ്രസ്സിൻ ക്ഷപാടേ തദനു മനുജവൃ-

ന്ദാടവീദാവപാവൌ

സൈപാരം വീരരെസ്സുബാഹുപ്രമുഖ നിജസഖൈ-

സ്സാദ്ധ്മാലോച്യ കാര്യം

മോദാവിഷ്ടസഭായാം വസതി നിശിചരീ

താടകായാശ്ച ദാസീ

ക്രന്ദന്തീ ഹന്ത! താപാന്മുഹുരപി വിവശാ-

ലോക്യ തം വാക്യമൂചേ. ൩൫

ചരണങ്ങൾ.

൧. ഹാഹാ! നിശാചരപുംഗവ! ശൃണു

ബാഹാഹവാക്രമവാരിധേ!

ഹാഹന്ത! മാനുഷകീടക, രുടെ

സാഹസം ദുസ്സഹമായഹോ.!

൨. ഉന്നതവിക്രമവാരിധി, യാകും

നിന്നുടെ മാതാവുതന്നെയും

ഇന്നൊരു മാനുഷബാലകൻ, വന്നു

കൊന്നാൻ ധരിച്ചാലുമത്ഭുതം!

൩. ആശരവംശം മുടിച്ചവ, നിഹ

കൌശികസത്രത്തെ രക്ഷിപ്പാൻ

ആശു സിദ്ധാശ്രമം പുക്ക നിൻ, മാതൃ-

നാശകൻ സോദരസംയുതൻ.

Digitized By Kerala Sahitya Akademi

ശ. ആമയം ചൊല്ലാവതല്ലഹോ! മമ
സ്വാമിനിതൻകഥയോക്കുമ്പോൾ
നീ മന്നിലേവം തെളിഞ്ഞിനി, ധൃഷ്ട!
കേമനായെന്തിനു വാഴുന്നു?

പന്തുവരാടി—ചെമ്പട.

പല്ലവി.

എന്തൊരു കഷ്ടമിതിങ്ങനെ വരുവാ-
നെന്തൊരു ബന്ധമഹോ!

അനുപല്ലവി.

അന്തകനും പരിചന്തഥിയതായാൽ
ഹന്ത! ഹനിപ്പവളെന്നുടെ ജനനി— എന്തൊരു

ചരണങ്ങൾ.

ഹ. മാനുഷഭോജികളാകും നമ്മോടു
മാനുഷരിങ്ങനെ നേപ്പതു ചിത്രം!
മാനികളാകും കേസരിവരരൊടു
മാനിൻകൂട്ടമെതൃത്തീടുമന്നോ? —എന്തൊരു

വ. സൈരം പോയി വസിക്കുക നീ നിശി-
ചാരിണി! തെല്ലും വേണ്ട വിഷാദം
വീരൻ ഞാൻ വിരവോടധുനാ പ്രതി-
കാരമിതിന്നിഹ ചെയ്യുവൻ നിയതം—എന്തൊരു

ന. എന്തിനി വേണ്ടതു നാമിഹ? സുമതേ!
ചിന്തിച്ചോതുക സപദി സുബാഹോ!
ഹന്ത! നമുക്കു നിനച്ചാൽ ജനനി-
ഹന്താവോടു പൊരുതീടാമോ?—എന്തൊരു

സാരംഗം—മറിമടന്ത.

പല്ലവി.

ധീരധീര! നിശാചരശേഖര! ഭോ! ഭാഷിതം മമ
വീര! നീ വിരവോടു കേൾക്കുക വിഭോ!

Digitized By Kerala Sahitya Akademi

ചരണങ്ങൾ.

൧. വൈരിവൎഗ്ഗമഹാവനത്തിനു
ഘോരപാവകനായിടും തവ
വീൎയ്യശൌൎയ്യപരാക്രമാൽ വല-
വൈരിയും ഭയമാൎന്നു നിവസതി—ധീരധീര!

൨. ആശരേശ്വരചാരിയാകുമമ്മാരീയ-
യാശു വന്നു ഹനിച്ച മാനുഷ-
നീചരെ നിഹനിക്കുവാൻ മാ-
രീച! താമസമനുചിതം ഖലു—ധീരധീര!

൩. വേഗമോടു നമുക്കു കൌശിക-
യാഗമിന്നു മുടക്കിടാമവി-
വേകിയാം നരകീടനപ്പൊഴു-
താഗമിക്കുമെതിൎക്കുവാൻ ഖലു—ധീരധീര!

൪. അപ്പൊളായവനെജ്ജവേന വ-
ധിപ്പതിന്നെളുപ്പമാമിഹ
കെല്പെഴും ചതുരംഗസേനയൊ-
ടൊപ്പമങ്ങു പുറപ്പെടാമയി!—ധീരധീര!

൧. നീക്കമില്ല ഭവാൻ പറഞ്ഞതി-
ലാക്കമോടു പുറപ്പെടാമിഹ
ലാക്കു തെറ്റുകയില്ലിതിൽ ഖലു
ശീഘ്രമിങ്ങു വരട്ടെ, സേനകൾ.

യോഗ്യമേയിതു മാൎഗ്ഗമിന്നുചിതം, ഹേ സുബാഹോ! നിൻ-
വാക്യമോൎക്കിലതീവ മേ രുചിതം.

കേദാരഗൌഡം—ചെമ്പട.

ഇത്ഥം നിശ്ചിത്യ സൈന്യൈസ്സഹ ബഹുലതരൈ-
രേത്യ സിദ്ധാശ്രമേസ്മിൻ
മാരീചോയം സുബാഹുസ്സ ച കുശികസുതേ-
നാത്ര സത്രേ പ്രവൃത്തേ

Digitized By Kerala Sahitya Akademi

വിഘ്നാൻ കർത്തും സമന്താദപ്രഷരതുരഗസ്തുഗ-
സ്ഥിനി മദ്ധ്യാഹ്നകാലേ
ദൃഷ്ട്വാ തദ്ധ്രോഥ ദൃഷ്ടൌ രഘുപതിതനയഃ
സ്പഷ്ടമാമാഷ്ട ധൃഷ്ടഃ. ൩൩

പല്ലവി.

നേരേ രാക്ഷസാധമന്മാരേ! വന്നീടുവിൻ.

ചരണങ്ങൾ.

൧. ധീരന്മാരെങ്കിലെന്തു ദൂരെ മറഞ്ഞുനിന്നു
ഭീരുഭാവമൊടു ചോരമാരിയിത്ര-
നേരമത്ര നികടേ, ചൊരിവതവിടെ,
വിരവിനോടെ, വരുവിനിവിടെ—നേരെ

൨. ക്ഷത്രിയകുലജാതനത്ര ഞാൻ മുനിവര-
സത്രമമ്പിനൊടു കാത്തിടുന്നളവു
നേർത്തു വന്ന ഖലരേ! കുമതിവരരേ!
വരിക സമരേ, സപദി രേരേ!—നേരേ

ലക്ഷ്മണൻ

അന്തരമില്ല പരിപന്ഥികളാം നിങ്ങളെ
അന്തമറ്റെഴുമഹന്ത തീർത്തു വിടു-
മന്തകൻെറ നഗരേ, അധികഘോരേ,
യാതുവരരേ! ഝടിതി ചാരേ—നേരെ

കേദാരഗൌഡം—ചെമ്പട.

ഘോരാമിമാം രഘുവരസ്യ രണോപഹൂതിം
ധീരാഗ്രണീന്നിശിചരോഥ നിശമ്യ തൂർണ്ണം
ഊരീകൃതായുധചയോത്ര സുബാഹുയുക്തോ
മാരീച ഏത്യ പരുഷാം ഗിരമാബഭാഷേ. ൩൪

പല്ലവി.

പൂരുഷകീടക! പടുവെന്നാലിഹ പോരിനു വന്നിടുക.

അനുപല്ലവി.

പൌരുഷമിങ്ങനെ പറവതുകൊണ്ടൊരു
ഫലമുമുദിക്കുകയില്ലിഹ മൂഢ!—പൂരുഷ



Digitized By Kerala Sahitya Akademi

ഖരൻ്റെ വാക്കുകൾ.

ഉരുതരബലനായി മരുവുമെൻജനനിയേ
ശരമെയ്തു കൊന്ന നിന്നെ വെറുതേ വിടാ
പരമശത്രുവാം നിന്നെക്കരവാളമിതിന്നിപ്പോ-
ളിരയാക്കീടുന്നതുണ്ടെന്നറിക മൂഢ!—പൂരുഷ

ശ്രീരാമൻ

വെറുതേ വന്നിതുവിധം പറയുവാൻ നിനക്കുള്ളിൽ
ചെറുതും നാണമില്ലയോ? പരമമൂഢ!
ഹരിവരൻതന്നെ വെൽവാൻ കുറുനരിക്കൂട്ടത്തിനു
വിരുതുണ്ടെന്നുരച്ചെന്നാൽ വരുന്നതാണോ?

കൌണപകീടക! കാണുക നമ്മുടെ
ബാണമിതാ കുമതേ!

സുബാഹു

പുലമ്പുന്നതെന്തിനേവം നിലിമ്പരാജനെപ്പോലും
തരിമ്പുമില്ലിഹ ഭയം ധരിച്ചു കൊൾക
കലമ്പുവാൻ വന്നാൽ പടനിലം പതിച്ചീടും നീയെൻ
ബലം പരം പരീക്ഷിച്ചിന്നറിഞ്ഞുകൊൾക—പൂരുഷ

ലക്ഷ്മണൻ

അറിഞ്ഞവനഹമെല്ലാം കുറഞ്ഞൊന്നുമിവയൊന്നും
പറഞ്ഞിട്ടു ഫലമില്ല പരമമൂഢ!
നിറഞ്ഞ കോപമോടസ്ത്രം ചൊരിഞ്ഞു നിന്തലയിപ്പോ-
ളരിഞ്ഞീടുമഥ ഭ്രമം മറിഞ്ഞീടും നീ—കൌണപ

ഇടശ്ലോകം.

വീഴിച്ചു ശരമൊന്നയച്ചുദധിയിൽ-
ദ്ദൂരത്തു മാരീചനെ
രോഷിച്ചേകശരേണ കൊന്നിതു സുബാ-
ഹും ഹന്ത! രാമൻ ജവാൽ
ശേഷിച്ചോരെ ഹനിച്ചു ലക്ഷ്മണനുടൻ
വാനോരശേഷം തദാ

Digitized By Kerala Sahitya Akademi

തോഷിച്ചങ്ങന്നെ പുഷ്പവൃഷ്ടിസഹിതം
വാഴ്ത്തിസ്തുതിച്ചു പരം. നവ

പൂൎവീര—ചെമ്പട.

ദൎഷ്ടേഷപവം വിനഷ്ടേഷ്വമരമുനിജനേ-
ഷ്വത്ര തുഷ്ടേഷു യാഗേ
പൃഷ്ടേ തുഷ്ട്യാ സമാപ്തേ മുനികുലതിലകേ-
നാപ്പിതം വന്യഭോജ്യം
മൃഷ്ടം ഭുക്ത്വാതിഹൃഷ്ടാ നിജസഹജയുത-
സ്സാദരം രാമചന്ദ്രഃ
സ്പഷ്ടം നത്വാ വിശിഷ്ടം കുശികതനയമാ-
ചഷ്ട സാഷ്ടാംഗപാതം. നൻ

ചരണങ്ങൾ.

൧. മാമുനേ! തവ പാദതാമരസം തൊഴുന്നേൻ
കാമിതം സമസ്തവും സാമോദം സിദ്ധമിപ്പോൾ.

൨. ശത്രുബാധകൾ തീൎന്നു സത്രവും സമാപിച്ചു
ചിത്തം തെളിഞ്ഞുവാഴാമത്തൽ വേണ്ടിനിയേതും.

ലക്ഷ്മണൻ

൧. അത്ര മേലിനിയെന്തു കൎത്തവ്യം ഞങ്ങൾക്കെന്നും
സത്തമ! തപോനിധേ! സത്യമായരുൾചെയ്ക.

മുനി

൧. രാമ! വിക്രമാംബുധേ! ശ്രീമൻ! ലക്ഷ്മണ! വീര!
സീമാഹീനം നിങ്ങൾക്ക ക്ഷേമം ഭവിച്ചീടട്ടെ.
താമസം വിനാ മമ കാമിതാ സാധിക്കയാൽ
മാമകഹൃദി പാരമാമോദം വളരുന്നു.

൨. ശത്രുവധവുമിഹ സത്രപാലനമിതും
ചിത്രമല്ലഹോ! ഭവൽതത്വമോൎത്തു കാണുമ്പോൾ
മിത്രകുലസരോജമിത്രരാം നിങ്ങൾക്കിനി
കൎത്തവ്യമായതും ഞാൻ സത്വരം പറഞ്ഞീടാം.

൩. ശ്രീമാനാകും വിദേഹഭൂമിപനൊരു യാഗം

Digitized By Kerala Sahitya Akademi

കേമമായിത്തുകാലം സാമോദം നടത്തുന്ന
സോമചൂഡന്റെ ചാപം ഭീമമൊന്നുണ്ടവിടെ
ക്ഷേമമെത്തും കാണ്മാൻ നാമങ്ങു പോയീടേണം.

൪. എന്നാലുമിഹ മോദാൽ വന്നുചേർന്നിരിക്കുന്ന
വന്ദ്യരാം മുനിമാരുമൊന്നിച്ചു മൂന്നു ദിനം
നന്ദിച്ചിവിടെ രാജനന്ദനന്മാരേ! വാഴാം
ധന്യസഹവാസത്താൽ വന്നീടും പരം ശുഭം.

ഭൂഭാരം സംഹിനേതും സഹ സുരനിവഹൈ-
ർബ്രഹ്മണാ പ്രാർത്ഥിതസ്സൻ
സംഭൂതസ്സൂര്യവംശേ ദശരഥനൃപതേഃ
പുത്രഭാവേന ഭൂമൗ
ശത്രൂൻ ഹത്വാകരോദ്യഃ കുശികസുതമഹാ-
യാഗരക്ഷാം സ രാമോ
"വാഞ്ഛാസിദ്ധിപ്രദായീ" കലിതധൃതി കരോ-
ത്വത്ര വോ നിത്യസൌഖ്യം. ൪൦

ശുഭം.

Digitized By Kerala Sahitya Akademi

# സീതാവിവാഹം

## ആട്ടക്കഥ.

---

### വന്ദനശ്ലോകങ്ങൾ.

---

ശ്രീമാതംഗവരാനനം ശിവസുതം
ശ്രീശങ്കരം ശങ്കരീം
ശ്രീവാണീം വിധിവല്ലഭാം വിവിധസൽ-
സാരാൻ സദാരാൻ ഗുരൂൻ
ശ്രീവാല്മീകിമുഖാൻ മുനീശ്വരവരാൻ
വിപ്രാൻ സമസ്താൎത്ഥദാൻ
ശ്രീഭദ്രാം പരദേവതാഞ്ച സതതം
വന്ദേ സുരേന്ദ്രാൎദ്ധിതാം.

ചൊല്ലേറ്റുള്ളൊന്നൊരു "കീഴിണിപ്പുറ"മതാം
പൂൎവ്വാശ്രമം വിട്ടഹോ!
തൃക്കൈക്കോട്ടുമഠത്തിൽ വാണരുളിടും
വന്ദ്യൻ യതീന്ദ്രോത്തമൻ
ഇക്കാലത്തരുളീട്ട സന്മതികളേ!
ശങ്കുണ്ണി നിൎമ്മിച്ചതാ-
മിക്കാവ്യം പരിശുദ്ധമാക്കുവിനലം
സീതാവിവാഹാഭിധം. ൨

### പുറപ്പാട്.

ശങ്കരാഭരണം—ചെമ്പട.

സ്വബാഹുവീൎയ്യേണ രണേ രഘൂദ്വഹ-
സ്സുബാഹുമുഖ്യാൻ വിനിഹത്യ രാക്ഷസാൻ
സസോദരഃ കൌശികസത്രരക്ഷണം
വിധായ സിദ്ധാശ്രമമാവസൽ സുഖം. ൩

Digitized By Kerala Sahitya Akademi

ചരണങ്ങൾ.

൧. നീരദസന്നിഭഗാത്രൻ നീരജസുനേത്രൻ
ധീരൻ ദശരഥപുത്രൻ ശ്രീരാമൻ പവിത്രൻ.

൨. രക്ഷോവരന്മാരെ വെന്നു ലക്ഷ്മണസംയുതൻ
തൽക്ഷണം കൌശികയാഗരക്ഷണവും ചെയ്തു.

൩. തുഷ്ടിയോടു സുരപുഷ്പവൃഷ്ടിയുടനേറ
മൃഷ്ടമായ് ഫലമൂലാദിഭംഷ്ടിയും കഴിച്ചു.

൪. വന്ദ്യരാം മാമുനിമാരാൽ നന്ദ്യാ പൂജിതനായ്
നന്ദിച്ചു മൂന്നു നാളവരൊന്നിച്ചത്ര വാണു.

മുഖാരി—അടന്ത.

ധന്യാശയൻ രഘുവരൻ സഹജന സാകം
മുന്നാളനല്പസുഖമത്ര വസിച്ചു ശേഷം
തന്നാട്ടു പൂകുവതിനാശയൊടാശു കൂപ്പി-
ച്ചൊന്നാൻ മുദാ കുശികനന്ദനനോടിവണ്ണം. ൪

ചരണങ്ങൾ.

൧. മാമുനേ! തവ പാദതാമരസയുഗളം
ആമയാപഹാ ഭക്ത്യാ രാമൻ ഞാൻ വണങ്ങുന്നേൻ.

൨. മൽപിതാവിനെക്കണ്ടു തൽപദം കൂപ്പീടുവാൻ
അല്പമല്ലിഹ മോഹമുൾപ്പൂവിലുയരുന്നു.

൩. ആകയാൽ ഞങ്ങൾക്കങ്ങു പോകുവാനനുവാദം
ഏകുവാനിനിയേതും വൈകൊലാ തപോനിധേ!

ലക്ഷ്മണൻ

ചൊല്ലേറും മുനിമുടിക്കതല്ലേ! ഞങ്ങളങ്ങിപ്പോൾ
ചെല്ലാഞ്ഞിട്ടമ്മമാരുമല്ലലാർന്നമരുന്നു.

സൌരാഷ്ട്രം—മുറിയടന്ത.

ചരണങ്ങൾ.

൧. കല്യശീല! രാമചന്ദ്ര! കല്യാണാലയ! ലക്ഷ്മണ! [സ്തു.
അല്ലൽ വേണ്ട നിങ്ങൾക്കേതും കല്യാണം യുവയോര

Digitized By Kerala Sahitya Akademi

വ. ചന്ദ്രചൂഡചാപം കാണ്മാൻ ധന്യനാകും ജനകന്റെ
മന്ദിരേ പോകണമെന്നു മുന്നമേ ഞാൻ പറഞ്ഞല്ലോ.

ന. വേഗമോടു ചെന്നു മഹായാഗമൊന്നും കണ്ടുകൊണ്ടു
സാകേതപുരിക്കു പിന്നെ പോകാമല്ലോ വൈകിടാ

ര. ഭൂപതികുമാരന്മാരെ! താപമേതും വേണ്ട, വേഗത്തെ.
ഹേ! പുറപ്പെട്ടീടാം കൂടെ താപസരുമുണ്ടനേകം.

കല്യാണി—ചെമ്പട.

ഇത്ഥം നിശമ്യ കുശികാത്മജഭാരതീം താം
രാമോഥ സോദരയുതോ മുനിഭിശ്ച തേന
ഗത്വൈകമാശ്രമപദം പഥി വീക്ഷ്യ രമ്യം
പപ്രച്ഛ തം മുനിവരം മുദിതാന്തരാത്മാ. ൫

പല്ലവി.

കൌശികമാമുനേ! തവ കാലിണ തൊഴുന്നേൻ.

അനുപല്ലവി.

ആശയം തെളിഞ്ഞെൻവാചമാദരേണ കേൾക്ക.

ചരണങ്ങൾ.

ഫ. ചാരവേ മുന്നിൽക്കാണുമീ ചാരുവാമാശ്രമപദം
ആരുടേതെന്നറിയുവാനാഗ്രഹം മേ പാരം—കൌശി

ലക്ഷ്മണൻ

വ. പക്ഷിമൃഗാളിവിഹീനം വൃക്ഷലതാപുഷ്പപൂർണ്ണം
അക്ഷിരമ്യമിപ്രദേശമാനന്ദദേമററം—കൌശിക

നീലാംബരി—മുറിയടന്ത.

ചരണങ്ങൾ.

ഫ. ചൊല്ലാളും വീര! രാമ! ചൊല്ലാം ഞാൻ പുരാവൃത്തം
കല്യാണാലയ! കേട്ടാലും, കൌതുകത്തോടു കാല്യാണാ
[ലയ!—

വ. താപസൻ ശ്രീഗൌതമൻ താപമെന്നിയേ മുന്നം
ശ്രീപതിതന്നെ സ്സേവിച്ചു, വാണിരുന്നത്ര ശ്രീപതി

ന. ലോകേശനഹല്യയാം ലോകസുന്ദരിതന്നെ [ന്നെ—
ഏകിനാനവന്നഹോ! ഏത്രയും മോദാലകിനാ—

Digitized By Kerala Sahitya Akademi

൪. മേദുരഗുണനൻ മുനി പാദശുശ്രൂഷാദിയാൽ
മോദിച്ചവളോടൊന്നിച്ചു, വാണിതക്കാലം മോദിച്ചു-
൫. അണ്ടർകോൻ ദോഷമവൾക്കുണ്ടാക്കിയെന്നറിഞ്ഞു
ശങ്ക പൂണ്ടഥ താപസൻ, ശാപവുമേകി ശങ്ക പൂണ്ട-
൬. ചൊല്ലാളും മുനിയുടെ വല്ലാത്ത ശാപാൽ കരി-
കല്ലായ്ചമഞ്ഞിതീ സുന്ദരി, അത്ര മേവുന്ന കല്ലായി—
൭. "എന്നാലും രാമചന്ദ്രൻ തൃക്കാൽ വെയ്ക്കുന്ന നിന്മേൽ
അക്കാലം ശാപമോക്ഷവും, വന്നുചേരും തേ" അക്കാ
൮. എന്നരുളി മുനി എന്നതുമൂലം ഭവാൻ [ലം—
തന്നംശിക്കിപ്പോളേകുക, ശാപമോക്ഷത്തെ തന്നാലം—

മോഹനം—മുറിയടന്ത.

ഇത്യുക്ത്വാ രഘുനാഥപാണികമലം
ഹസ്തേന ധൃത്വാ മുനി-
സ്സോയം ഗൌതമവല്ലഭാം വിധിസുതാം
സന്ദർശയാമാസ താം
രാമേണാഥ നിജാംഘ്രിപങ്കജമഹോ!
ന്യസ്തം ശിലായാം തദാ
മുക്താ സാ മുനിശാപതഃ പദനതാ
ഹൃഷ്ടാ ച തുഷ്ടാവ തം. ൬

പല്ലവി.

വന്ദേഹം രാഘവ! താവൽപാദപങ്കജം
വാരിജചാരുനേത്ര!

അനുപല്ലവി.

ഇന്നു നിൻപാദാരവിന്ദസംസ്പർശനാൽ
ധന്യയായ്തീർന്നേനഹം ജഗന്നായക!—വന്ദേഹം

ചരണങ്ങൾ.

൧. ധാത്രിതൻഭാരത്തെ തീർത്തു ലോകത്രയം
കാത്തീടാൻ കാരുണ്യാബ്ധേ! ഭവാൻ
ഗോത്രാതലേ മർത്ത്യമൂർത്തിയായ് തീർന്നോരു
ദൈത്യാരിദേവൻ താനെന്നിങ്ങറിഞ്ഞേൻ ഞാൻ-വ

Digitized By Kerala Sahitya Akademi

ര. ശാപമോക്ഷം ഭവാൻ താപഹീനാ മമ
ശ്രീപതേ! തന്നുവല്ലോ, ഇനി
താപസാഗ്രസരനാകും പതിതന്നെ
പ്രാപിപ്പാനാജ്ഞാപിച്ചങ്ങയച്ചീടുക—വന്ദേഹം

ഇന്ദളം.

അല്ലേ! താപസഭാമിനീജനമുടി-
ക്കല്ലാമഹല്യേ! നിന-
ക്കില്ലേതും ദൃഢമത്ര ദോഷമിനി മേൽ
ഭൎത്താരമാത്താദരം
കില്ലതും കലരാതെ കഞ്ജനയനേ!
പ്രാപിച്ച താപം വിനാ
കല്യേ! വാഴുക നിന്നെ ഞാനുമധുനാ
കൂപ്പാമനല്പാദരം.

മദ്ധ്യമാവതി—ചെമ്പട.

ഇത്ഥം തസ്യൈ സാദരം ശാപമോക്ഷം
ദത്വാ നത്വാ രാഘവ സോദരേണ
വിശ്വാമിത്രേണാപി ഗാംഗാം ഗതസ്സൻ
നത്വാ പാദേ നാവികസ്സ്വം ബഭാഷേ. വൃ

പല്ലവി.

അത്ഭുതവിക്രമ! രാഘവ! ത്വൽപദാംഭോജം
അല്പനാം ഞാനിതാ തൊഴുന്നേൻ.

അനുപല്ലവി.

കെല്പെഴും ഭവച്ചരിത്രം സ്വല്പമല്ല മഹാചിത്രം
ത്വൽപ്രസാദാൽ മമ നേത്രം ഇപ്പൊഴേ സാഫല്യപാ
[ത്രം—അത്ഭുത

ചരണങ്ങൾ.

൧. ധീമനാം നിൻകാൽപ്പൊടിയിന്നു,പററിയാൽക്കല്ലും
നാരിയായ്പ്പോമെന്നു കേൾക്കുന്നു



Digitized By Kerala Sahitya Akademi

ദാരുവും നല്ലൊരു കല്ലും ഓരുകിൽ ഭേദമെന്തുള്ളു?
ചാരുപാദപാംസു തിണ്ണം ചേരുകിൽത്തോണിയും
[പെണ്ണാം—അത്ഭുത

വ. ഇത്തരണി പോയാൽ കഷ്ടമേ! ഇന്നാവികന്നു
നിത്യവൃത്തിയത്തും മുട്ടുമേ
സത്യമായിട്ടതിനാലേ സത്തോഴം തൃപ്പാദം ജലേ
അത്ര കഴുകിച്ചിക്കാലേ, വൃത്തിയാക്കാമഹം ചാലേ-അ

ഇടശ്ലോകം.

എന്നിവണ്ണമുരച്ച നാവികനുടൻ
ശ്രീരാമപാദാംബുജം
നന്നായ്താൻ കഴുകിച്ച തീർത്ഥസലിലം
മൂർദ്ധാവിലേററാദരാൽ
നന്ദ്യാ താപസസംയുതം രഘുകുമാ-
രന്മാരെയാ വഞ്ചിയിൽ
പിന്നാററിസ്സുരഗംഗതൻമറുകര-
യ്ക്കെത്തിച്ചു മുദാതോടു താൻ.

## വഞ്ചിപ്പാട്ട്.

ഫ. ഭൂതധാത്രിക്കതിമാത്രാ ഭൂതമായ ഭാരം തീർപ്പാൻ
ഭൂതലേ ജനിച്ച ദേവൻ ജയിച്ചീടട്ടെ.

വ. സോദരന്മാരൊരുമിച്ച സാദരമയോദ്ധ്യതന്നിൽ
മോദേന വളൎന്ന ദേവൻ ജയിച്ചീടട്ടെ.

ന. സത്രരക്ഷയ്ക്കുമഹാ! വിശ്വാമിത്രനൊത്തു പുറപ്പെട്ടു
മിത്രവംശോത്ഭവൻ ദേവൻ ജയിച്ചീടട്ടെ.

ര. കേടകന്ന വില്ലുമായി കാടകം പുക്കുടൻ തത്ര
താടകയെ കൊന്ന ദേവൻ ജയിച്ചീടട്ടെ.

ര. ലക്ഷ്മണനോടൊത്തനേകരക്ഷോവധം ചെയ്തു യാഗം
ശിക്ഷയാ രക്ഷിച്ച ദേവൻ ജയിച്ചീടട്ടെ.

ന്ന. കല്ലായിരുന്ന അഹല്യയ്ക്കംഘ്രിപല്ലവത്താൽ ശാപമോക്ഷം
മെല്ലവേ കൊടുത്ത ദേവൻ ജയിച്ചീടട്ടെ.

Digitized By Kerala Sahitya Akademi

൭. ഇപ്പൊഴരീ വഞ്ചിതന്നിൽ കെല്പോടെഴുന്നരുളുന്ന
ഉല്പലാക്ഷൻ രാമദേവൻ ജയിച്ചീടട്ടെ.

൮. രാമചന്ദ്രൻ ജഗന്നാഥൻ സോമബിംബാനനൻ ദേവ
സാമോദം തന്നരുളേണം സർവ്വദാ സൌഖ്യം. [൩൯

ഇടശ്ലോകം.

തീൎത്ത്വാഥ സോദരയുതസ്സുരവാഹിനീം താം
സാദ്ധ്വം തഃപാധന വരൈഃ കുശികാത്മജാദ്യൈഃ
തുഷ്ടോ വിദേഹനിലയേ ത്രുടമീശചാപം
ദൃഷ്ട്വാ സമുത്സുകമനാസ്സ ജഗാമ രാമഃ. ൪൦

പാടി—ചെമ്പട.

കാലേസ്മിൻ കാനനേസ്മിൻ കചചിദമലതരേ
പുഷ്പസൌരഭ്യപൂൎണ്ണേ
ലോലേ മാലേയവാതപ്രചലിതലതികാ-
വൃക്ഷഷണ്ഡേ നിഷണ്ണഃ
ശൈലാകാരശ്ശചീശാദ്യഖിലവിബുധഹൃൽ-
ഭീതിദോ യാതുധാനോ
ലീലാലോലാന്തരാത്മാ രഹസി നിജവധൂം
പ്രാഹ താം ലോഹിതാക്ഷഃ. ൪൧

ചരണങ്ങൾ.

൧. കാന്തേന്ദീവരലോചനേ! കാന്തേ! സോമാനനേ!
പൂന്തേൻവാണി! ശൃണു വാചം ശാന്തേ! ഗജയാനേ!

൨. നിന്മുഖം കണ്ടു വണ്ടുകൾ അംബുജമെന്നോൎത്തു
വന്മുദാ വന്നണയുന്നു കംബുകണ്ഠി! കാൺക.

൩. കല്യാണാംഗി! തവ നേത്രതുല്യത ലഭിപ്പാൻ
ഫുല്ലാംബുജം ജലേ തപം കല്യേ! ചെയ്യീടുന്നു.

൪. സപാന്തമോദാൽ കേകികൾ നിൻകുന്തലിതിന്നുടെ
കാന്തി കണ്ടു ഹൃദി മേഘഭ്രാന്തിയോടാടുന്നു.

Digitized By Kerala Sahitya Akademi

ഏരിക്കില—ചെമ്പട.

പല്ലവി.

കല്യാണഗുണമന്ദിര! കേൾക്ക മേ വാചം
കല്യമാനസ! സുന്ദര!

അനുപല്ലവി.

നല്ല കാനനമിദമില്ല സംശയ മെല്ലും
വല്ലികളൊട്ടു തരുതല്ലജഗണമപി
വല്ലരിയാണ്ടിഹ പല്ലവഭരിതം—കല്യാണ

ചരണം.

കേളികളാടാനുചിതം, കാനനമിദം
കേളിഹ മമ രുചിതം
നാളീകരിപു കരപാളിയാൽ കുമുദിനീം
വേളികഴിച്ചെഴുമാളതുപോലിതു-
നാളിഹ കലയതി ലാളനമധികം—കല്യാണ

സാരംഗം—മുറിയടന്ത.

ഇത്ഥം കാന്താം രഹസി രമയത്ത്യാസ്ഥിതേ ലോഹിതാക്ഷേ
തത്രോദഗ്രസ്ത്രിദശപടലീമർദ്ദ്ദിഭിർദ്ധൂമ്രകേതുഃ
ജ്ഞാത്വാ വൃത്തം രഘുകുലപതേസ്താടകാപ്രാണഹർത്തു-
ന്ത്വാഗത്യ ത്വരിതമഥ തം ജ്യേഷ്ഠമാചഷ്ട വാചം. ഹര

പല്ലവി.

യാതുധാനശിഖാമണേ! ശൃണു മേ ഭാഷിതം ധൂമ്ര-
കേതു നിൻപദപങ്കജം കലയേ.

ചരണങ്ങൾ.

൧. ആതുരത്വമിയന്നു രാക്ഷസ-
ജാതിയേവമൊട്ടുങ്ങവേ വയ-
മേതുമേ നിനയാതെ വാഴ്വതു
നീതിയോ? നിരൂപിക്ക പൂർവ്വജ!—യാതുധാന

Digitized By Kerala Sahitya Akademi

൫. യാമിനീചരവംശമതിനൊരു
ധൂമകേതു കണക്കഹോ! ഭുവി
രാമനെന്നൊരു മൎത്ത്യശിശു വിഗ-
താമയം വിലസുന്നു സമ്പ്രതി— യാതുധാന

൬. ആടലററവനാശു ചെയ്തിതു
താടകാവധമത്ര യല്ലിഹ
കേടകന്ന സുബാഹുമുഖ്യനി-
ശാടരപ്പലരേ ഹനിച്ചിതു—യാതുധാന

൭. ഉണ്ടവന്നൊരു സോദരൻ ശിതി-
കണ്ഠനന്ദനസന്നിഭൻ ഖലു
രണ്ടുപേരെയുമത്ര വനഭുവി
കണ്ടു ഞാനധുനൈവ പൂൎവ്വജ!—യാതുധാന

൮. ദുൎന്നയങ്ങളിവണ്ണമനവധി
വന്നു ചെയ്യൊരു ബാലരബ്ബത!
കൊന്നിടാതെ വിടുന്നതനുചിത-
മെന്നതിന്നൊരു വാദമില്ലിഹ—യാതുധാന

പന്തുവരാടി—ചെമ്പട.

പല്ലവി.

അത്ഭുതതരമിദമത്ര സഹോദര!
ജല്പിതമോൎക്കിലഹോ!

അനുപല്ലവി.

കെല്പിയലും വയമിങ്ങു വസിക്കെ
ദൎപ്പിതരോ ബത! ഭുവി മനുജന്മാർ— അത്ഭുത

ചരണങ്ങൾ.

൧. രാമനെയും യുധി തത്സോദരനാം
ആ മനുജാധമനേയുമിദാനീം
താമസമില്ല ഹനിക്കുവനവരെ
നീ മമ കാണിച്ചേക്കുക സുമതേ!—അത്ഭുത



Digitized By Kerala Sahitya Akademi

൨. കേസരിവരരേബ്ഭീതത കൂട്ടം
കേഴക്കുട്ടികളെന്നകണക്കെ
കൂസാതനവധി വീരരെ മത്ത്യ-
ക്കുട്ടികളത്ര വധിച്ചതു ചിത്രം!—അത്ഭുത

൩. എങ്കിലുമുൽകടഭുജബലനാം മേ
ശങ്കയൊരല്പവുമില്ല മനസ്സിൽ
എൻകരബലദഹനങ്കലഹോ! നര-
സംഘമശേഷം ശലഭത തേടും—അത്ഭുതതര

കേദാരഗൌഡം—ചെമ്പട.

ഇത്ഥം നിഗദ്യ സഹിതസ്സഹജേന തൂർണ്ണം
ഗത്വാട്ടഹാസബധിരീകൃതസർവ്വലോകഃ
യുദ്ധാത്ഥമുദ്ധതമതിസ്സ തു ലോഹിതാക്ഷോ
മദ്ധ്യപഥം മനുകുലോദ്വഹമാജുഹാവ. ൧൩.

പല്ലവി.

മൂഢ! പോരിന്നു നരകീട! വന്നിടെടാ!

ചരണങ്ങൾ.

൧. താടകയായിടും നിശാടനാരിയേക്കൊന്ന
പാടവം കിമപി കൂട്ടകില്ല രണ-
നാടകത്തിലിവിടേ, വരിക നികടേ,
വിരവിനോടെ, പോവതെവിടെ?—മൂഢ!

൨. ആഹവേ നിന്നുടെ ദുർമ്മോഹം വിഫലമിഹ
ലോഹിതാക്ഷനിതവേഹി ചേതസി സു-
ബാഹുവല്ല സമരേ, സാമ്പ്രതി നേരേ,
വരിക ചാരേ, വിമത! രേ! രേ!—മൂഢ!

ധൂമ്രകേതു.

യാതുധാനൻ ഞാൻ ധൂമ്രകേതു ധരിച്ചുകൊൾക
ഏതുമില്ല മമ ഭീതി നിന്റെ തല
കൊയ്തുകൊള്ളുവനസിനാ, നിയതമധുനാ,
രഹിതനസുനാ, തവമസി വിധിനാ—മൂഢ!

Digitized By Kerala Sahitya Akademi

കേദാരഗൌഡം—ചെമ്പട.

ഇത്ഥം ക്ഷപാടവരഘോരരണോപഹൃതിം
ശ്രുത്വാഥ ലക്ഷ്മണയുതം മുനിവൎഗ്ഗമാരാൽ
സംസ്ഥാപ്യ വിദ്രുതമുപേത്യ രഘൂദ്വഹോ സൌ
ബദ്ധപ്രരോഷപരുഷാം ഗിരമാബഭാഷേ. ൧൭

പല്ലവി.

ആരിഹ നമ്മോടു പോരിന്നു വിരവിനൊ-
ടാരാൽ വന്നതെടാ?

അനുപല്ലവി.

ഘോരവചസ്സുകളോതിയ നിങ്ങടെ
പൌരുഷമിപ്പൊളടങ്ങും നിയതം—ആരിഹ

ചരണങ്ങൾ.

൧. വശികളിൽ മുൻപനാകും കുശികപുത്രന്റെ യാഗം
നശിപ്പിക്കാൻ വന്നോരെല്ലാം നശിച്ചുവല്ലോ
പിശിതാശരാം നിങ്ങളുമശനിയോടൊക്കും മമ
നിശിതബാണത്തിനിപ്പോളശനമാകും—ആരിഹ

൨. തിടുക്കമോടിഹ മാൎഗ്ഗം മുടക്കി മാം ഭയമെന്യേ
പടക്കു വിളിച്ചു നിങ്ങൾ കടുക്കിലായീ
മിടുക്കുണ്ടെന്നാകിലിപ്പോൾ തടുക്കുവിൻ മമ ബാണം
അടക്കമെററ നിങ്ങളെ ഒടുക്കുവെൻ ഞാൻ—ആരിഹ

൩. തുരുതുരെപ്പലവട്ടം പെരുതേവം പറഞ്ഞാലും
ചെറുതുമില്ലൊരു ഫലം കരുതുക നീ
തെരുതെരെപ്പുലമ്പുവാനരുതാതില്ലൊരുവൎക്കും
വിരുതുണ്ടെന്നാകിൽ വന്നു പൊരുതുകൊൾക.
മൂഢാ! നമ്മോടു പോരിന്നു മാനുഷ-
കീടാ! വന്നിതെടാ!

മലഹരി—അടന്ത.

യുദ്ധേ തത്ര പരാജിതേ നിശിചരേ
ഭ്രാത്രാ സമം വിദ്രുതേ

Digitized By Kerala Sahitya Akademi

രാമേണാഥ സസോദരേണ മുനിഭി-
സ്സാൎദ്ധം മുദാ കൌശികേ
സമ്പ്രാപ്തേ മുനിപാടമാശു മിഥിലാ-
ഭിഖ്യേ പുരേ സാദരം
തത്രാപി ജനകസ്സമേത്യ വിധിവൽ
സമ്പൂജ്യ നത്വാവദൽ. ൧൭

ചരണങ്ങൾ.

൧. മുനികുലതിലകമേ! അനഘാ താവകപാദ–
കനകസാരസയുഗ്മേ ജനകൻ ഞാൻ വണങ്ങുന്നേൻ.
൨. വന്ദനീയനാം തവ സന്ദൎശനത്താലിപ്പോൾ
മന്നിടമിതിലേററം ധന്യനായ്തീൎന്നേനഹം.
൩. ത്വൽപാദാംബുജപാംസു നിൎഭരം പതികയാൽ
മൽപുരമിതും പാരമിപ്പോൾ പൂതമായല്ലോ.
൪. മാരസദൃശാകാരന്മാരാം കുമാരരിവർ
ആരെന്നറിവാനുള്ളിൽ പാരമുണ്ടാഗ്രഹം മേ.

കാമോദരി — മുറിയടന്ത.

പല്ലവി.

അസ്തു ശുഭം നൃപതേ! നിരന്തരം
നിസ്തുലഭാഗ്യനിധേ!

അനുപല്ലവി.

വസ്തുത ചൊല്ലാം ഞാൻ കേട്ടാലും സാദരം
വിസ്തൃതചാരുബുദ്ധേ! ഗുണാംബുധേ!— അസ്തു

ചരണങ്ങൾ.

൧. ധന്യൻ ദശരഥമന്നവൻ ഭാഗ്യവാൻ
ഉന്നതകീൎത്തിനിധി, അവൻ–
തന്നുടെ പുത്രരാകുന്നിതീബ്ബാലന്മാ–
രെന്നു ധരിച്ചീടുക,
ചന്ദ്രചൂഡചാപം നന്ദ്യാ നിരീക്ഷിപ്പാൻ
വന്നതിവിടെയിപ്പോൾ, ഗുണാംബുധേ!—അസ്തു

Digitized By Kerala Sahitya Akademi

വ. നാമിന്നിവരുടെ നാമവും ചൊല്ലീടാം
ഭൂമിപ! ജ്യേഷ്ഠനിവൻ, രാമ-
നാമവാൻ, ലക്ഷ്മണനാമാവിവൻ പാരം
കോമളൻ തൽസഹജൻ,
ഭീമപരാക്രമരാമിവരോരാവും
കേമന്മാരെന്നറിക, ഗുണാംബുധേ!—അസ്തു

സാരംഗം—ചമ്പ.

ശ്രുത്വാ വാചം കൌശികസ്യാസ്യ ചിത്തേ
സ്മൃത്വാ പൂർവ്വം നാരദോക്തിം തദാനീം
ബദ്ധാമോദം തൌ ച സമ്പൂജ്യ ബാലൌ-
വദ്ധ്യാമാത്യം പാർത്ഥിവോയം ബഭാഷേ. ൧൧

ചരണങ്ങൾ.

ജ. മന്ത്രിവര! കേൾക്ക സുമതേ! മമ വചനം
ബന്ധുരഗുണൌഘജലധേ!
ചന്തമിയലുന്ന ശിവചാപമതു സത്വരം
ഹന്ത! സഭതന്നിൽ നീ ആനയിപ്പിക്കുക.
വ. ദാശരഥി രാമനധുനാ, ചാപമതു
ദർശിപ്പിക്കേണമതിനായ്
ആശിച്ചു മോദമൊടുമാഗമിച്ചാദരാൽ
കൌശികസമേതമിഹ കാത്തിരിക്കുന്നു കേൾ.

കേദാരഗൌഡം—ചെമ്പട.

ചരണങ്ങൾ.

ജ. മേദുരഗുണവത്സര! മേദിനീന്ദ്രമൌലേ!
ആദരേണ ഭവൽപാദമാശു ഞാൻ തൊഴുന്നേൻ.
വ. കെല്പേറീടും ഭവാനൊന്നു കല്പിച്ചാലാക്കാര്യം
അപ്പോഴേ നടത്തീടുവാനല്ലോ ഞങ്ങളെല്ലാം.
മ. ശങ്കരശരാസനം ഞാൻ കിങ്കരരേക്കൊണ്ടു്
ശങ്കയില്ലിപ്പോഴേ സഭയിങ്കൽ വരുത്തീടാം.

ഇടശ്ലോകം.

ക്ലാന്തൌ രാജസ്സചിവനേകിയ ശാസനത്താൽ
നൂറായിരം കൊടിയ കിങ്കരരൊത്തുകൂടി


Digitized By Kerala Sahitya Akademi

മാരാരിചാപമതിഘോരമഹോ! സഭാന്താ-
മാരാന്നയിച്ചഥ നമിച്ചു ഗമിച്ചു മോദാൽ. ൧൭

ധ്വില്ലുകൊണ്ടുവന്ന പാട്ട്.

("ശ്രീപത്മനാഭ! മുകുന്ദ! മുരാന്തക!" എന്ന മട്ട്)

൧. ശ്രീശങ്കര! ജയ ശംഭോ! ജയ ജയ
ശ്രീചന്ദ്രശേഖര! നിത്യാം നമോസ്തു തേ
൨. കാലകാലപ്രഭോ! കാരുണ്യവാരിധേ!
നീലകണ്ഠ! വിഭോ! നിത്യം നമോസ്തു തേ.
൩. തുംഗമാകും ജടക്കെട്ടും ശശാങ്കനും
ഗംഗയും നല്ല ഭുജംഗജാലങ്ങളും,
൪. നെററിയിൽത്തീക്കനൽക്കണ്ണും കൃപാമൃതം
ഇററിററു വീഴുന്ന മററു നേത്രങ്ങളും,
൫. കുന്ദാലീനായകകുണ്ഡലദ്വന്ദ്വവും
ഗണ്ഡങ്ങളും തിരുനാസികാഭംഗിയും,
൬. ശൂലം കപാലവും മാനും കഠാരവും
ചേലോടു ചേരുന്നൊഴും നാലു തൃക്കൈകളും,
൭. ശ്രീപാർവ്വതിക്കു പകുത്തുകൊടുക്കയാൽ
നേർപാതി പെണ്ണായ മെയ്യും മനോഹരം,
൮. ശ്രീപാദപത്മവും കാണാകണം മമ
ശ്രീപരമേശ്വര! നിത്യാം നമോസ്തു തേ.

കല്യാണി—ചെമ്പട.

ആനീതമേവം ഭൃതകൈരനേകൈ-
ശ്ശ്രീനീലകണ്ഠസ്യ മഹാശരാസം
മന്ദേതരം രാമമഥോ മുനീന്ദ്രം
സന്ദർശയൻ പ്രാഹ മഹാൻ മഹീന്ദ്രഃ. ൧൮

പല്ലവി.

കണ്ടാലുമിതാ നീലകണ്ഠകാർമ്മുകവരം
കണ്ഠീരവേന്ദ്രസമവിക്രമ! രാമ!

Digitized By Kerala Sahitya Akademi

അനുപല്ലവി.

ഖണ്ഡരത്നാദികളെക്കൊണ്ടു ഭൂഷിതമിതു
പണ്ടുദിഗന്ത്യസ്ഥം ശിതികണ്ഠനാം പുരാരിയാൽ — കണ്ടാ

ചരണങ്ങൾ.

ജ. കെല്പെഴും ചാപമിതു മൽപിതാമഹൻമോദാൽ
തൽപത്തനമതിൽ വെച്ചു പൂജിച്ചുവന്നു
ഇപ്പോളിതു കുലച്ചുമണ്ഡപമന്നു സീതയാം
മൽപുത്രിയെ നൽകുവാൻ കല്പിച്ചിരുന്നേനഹം — കണ്ടാ

വ. മാമുനികുലവര! കാമാരിചാപമിതു
രാമൻ കുലച്ചു ഗുണമേററമെന്നാൽ,
മാമകപുത്രിയെ ഞാൻ സാമോദം നൽകീടുവെൻ
കാമിതം മമ സിദ്ധമാമെന്നാചിതുകാലം — കണ്ടാലും

വേകട — മുറിയടന്ത.

പല്ലവി.

ക്ഷോണീന്ദ്ര! ഗുണവസതേ! ശൃണു മമ
വാണികളിഹ സുമതേ!

അനുപല്ലവി.

ഏണാങ്കചൂഡന്റെ ചേണാൎന്ന വില്ലിതു
ക്ഷീണമെന്നിയേ രാമൻ ഞാണേററിക്കുലച്ചീടും — ക്ഷോണീ

ചരണം.

താമസം വേണ്ട ഹേ രാമചന്ദ്ര! ഭവാൻ
കാമാരിദേവന്റെ ഭീമമാം കാൎമ്മുകം
ആമയമെന്നിയേ ശ്രീമൻ! കുലച്ചിഹ
ഭൂമിപസുതതന്നെ സാമോദം വേട്ടുകൊൾക-
ഏണാങ്കസമവദന! ശൃണു മമ
വാണികൾ ഗുണസദന!

ശങ്കരാഭരണം — ചെമ്പട.

ചരണങ്ങൾ.

ജ. മാമുനേ! തവ പാദകമലസരോരുഹം

Digitized By Kerala Sahitya Akademi

ക്ഷേമദമെതിശ്ശുഭം രാമൻ ഞാനിതാ വന്ദേ.
ര. കാലാരിചാപമിതു ചേലോടു കുലച്ചുവാൻ
ബാലൻ ഞാനേത്താലിതുകാലം ശക്തനാകുമോ?
ന. എന്നാലും തവകൃപ എന്നിലുണ്ടാകമൂലം
ഇന്നിതും സുകരമായ് വന്നിടുമെന്നു മന്യേ.

വൃത്തഭേദം.

ഇത്ഥമോതി നൃപപുത്രനാസ്ഥയോടു
മൃത്യുശാസനശരാസനം
ചിത്തമോദമൊടിടത്തുകയ്യതിലെ-
ടുത്തു ലീലയൊടു തോലയൻ
സത്വരം ഗുണവുമേററിയൊന്നു ചെറ-
തായ്വലിച്ചൊരു ദശാന്തരേ
തദ്വിധാ ഭുവി മുറിഞ്ഞുവീണു കടു-
താം രവത്തൊടതിവിസ്മയം! ൧൯

ശംഭുതൻകൊടിയ വില്ലൊടിഞ്ഞ നിന-
ദം പരന്നു ഭുവനത്രയേ
സംഭ്രമത്തൊടു നിലിമ്പരെന്തു കഥ-
യെന്നു നോക്കി ദിവി വിസ്മയാൽ
ഇമ്പമോടു സുമസഞ്ചയം ബത! ചൊ-
രിഞ്ഞു വാഴ്ത്തിയവരാസ്ഥയാ
കമ്പമററ നടനം തുടങ്ങിയുട-
നപ്സരസ്സുകളശേഷരും. ൨൦

ഊക്കെഴുന്ന സുരദുന്ദുഭിധ്വനിയു-
മത്ര തിങ്ങി ഗഗനസ്ഥലേ
നോക്കിനിന്ന ജനകക്ഷിതീന്ദ്രമണി
മുങ്ങി മോദമയവാരിധൌ
ശ്ലാഘ്യനായ രഘുവീരനേത്രദൃഢമ-
ണച്ചു പുൽകിയഴകോടു, തൻ-

Digitized By Kerala Sahitya Akademi

ഭാഗ്യമോൎത്തു പരിതോഷബാഷ്പമള-
വററ തൂകിയ വനഞ്ജസാ. ൨൭

യോഷമാരിൽ മണിയായ സീത പരി-
തോഷമാൎന്നു പരിചോടഹോ!
ഭൂഷണാദികളശേഷമപ്പൊഴുത-
ണിഞ്ഞു മോടിയൊടു കൂടവേ
ദോഷമററൊരു സുവൎണ്ണമാലയുമെ-
ടുത്തു ദക്ഷിണകരാഞ്ചലേ
ഘോഷമോടു സഭ പുക്കു നിന്നു സുഖ-
മീഷദാനതമുഖാംബുജാ. ൨൮

സാരി.

൧. തിങ്ങിന രുചിയൊടു മംഗലഭൂഷകൾ
ഭാഗ്യാ ചാൎത്തി, വന്നാ,രംഗനമാർമണി
മംഗലഗാത്രി വിളങ്ങീ പാരം.

൨. യോഷാമണിയുടെ ഭൂഷാമണികൾ വി-
ശേഷം ചൊൽവാ,നോൎത്താൽ, ശേഷനുമിഹ നഹി
ശേഷി ദൃഢം ചെറുതീഷലില്ല.

൩. ഇന്ദിരതന്നൊടു സന്നിഭയായൊരു
സുന്ദരാംഗി,യവൾ, മന്ദം ദശരഥ-
നന്ദനസന്നിധിതന്നിലെത്തി.

൪. നീലാംബുദരുചിയേലും രഘുവര-
ബാലകൻെറ, ഗള,നാളമതിൽബ്ബത!
മാലയുമിട്ടിതു ലോലാപാംഗി.

സുരുട്ടി—ചെമ്പട.

സഭാംബരേ കാഞ്ചനമാലികാതടിൽ-
പ്രഭാഞ്ചിതേ രാമഘനേ ലസത്യഹോ!
ശുഭാശയോ മൈഥിലചാതകോ മുദ-
ത്യഭാഷതാനന്ദയുതസ്സ കൌശികം. ൨൯.



Digitized By Kerala Sahitya Akademi

പല്ലവി.

താപസവര! വന്ദേഹം, താവകപാദം
താപസവര! വന്ദേഹം.

അനുപല്ലവി.

താപം മേ തീൎന്നിതിന്നുൾത്താരിൽ ത്വൽകൃപമൂലം—താപ

ചരണങ്ങൾ.

൧. കേളിക്കു ചേരും വിധം നാളീകാക്ഷിസീതതൻ-
വേളിയും നമുക്കിതുനാളിൽ നടത്തീടേണം—താപസ

൨. ജാതമോദം സാകേതഭൂതലേശനേയിങ്ങു
സാദരം വരുത്തുവാൻ ദൂതനേയയച്ചാലും—താപസവ

൩. സൂൎയ്യാന്വവായമണി വീൎയ്യവാൻ ദശരഥൻ
ഭാൎയ്യാപുത്രാദിയോടും പാരാതെ വന്നീടേണം—താപ

൪. വീതശങ്കം ഞാൻ ദ്രുതം ദൂതനേയയച്ചീടാം
സാദരം വരുമിപ്പോൾ സാകേതേശ്വരൻ നൂനം—
മേദിനീശ്വര! കേട്ടാലും, മാമകവാചം
മേദിനീശ്വര! കേട്ടാലും.

ശങ്കരാഭരണം—ചെമ്പട.

സ്വദാരയുക്തസ്സുഖവാസമിച്ഛൻ
മുദാന്വിതോ മാനവവംശദീപഃ
കദാചിദേത്യോപവനം പ്രിയാന്താ-
മുദാരധീഃ പങ്ക്തിരഥോ ബഭാഷേ. ൨൪

പല്ലവി.

കഞ്ജസന്നിഭനയനേ! കാന്തേ! കൌസല്യേ!
കുഞ്ജരവരഗമനേ!

അനുപല്ലവി.

സഞ്ജാതമോദം വസന്തകാലമിഹ
മഞ്ജുളപികകലമൃദുരവമഹിതം—കഞ്ജസന്നിഭ

ചരണം.

മല്ലികളെല്ലാം പടൎന്നു, പാരം
മുകുളനികരം വിടൎന്നു

Digitized By Kerala Sahitya Akademi

മെല്ലവേ വന്നിങ്ങിരുന്നു, മധു
മധുപങ്ങൾ നുകരുന്നു
ഫുല്ലസുമാഞ്ചിതതരുനികരം
പുരുരുചി വിലസതി ബഹുലതരം
പല്ലവതതി പികനിര രുചിരം
പരിചൊടു വിദശതി ഹന്ത! പരം
നല്ലൊരു സമയമിതല്ലൽ വെടിഞ്ഞിഹ
കല്യേ! മരുവുകയല്ലേ സുചിരം?—കഞ്ജസന്നിഭ

പൂർവ്വികല്യാണി—ചെമ്പട.

പല്ലവി.

ഇന്നിതു ജീവനായക! കേട്ടാലും തന്വ-
നിന്ദിതസുമസായക!

അനുപല്ലവി.

നന്നിതു കാലമേറാം നന്ദിച്ചു വാഴാമിഹ
സന്ദേഹമില്ല തെല്ലുമെന്നാലുമൊന്നു ചൊല്ലാം—ഇ

ചരണങ്ങൾ.

൧. പുത്രന്മാർ മമ രാമനും, ലക്ഷ്മണൻതാനും
എത്രയും കോമളാംഗന്മാർ
സത്രരക്ഷാർത്ഥം വിശ്വാമിത്രനോടൊരുമിച്ചു
തത്ര പോയിട്ടെന്തിന്നുമത്ര വരായ്വാൻ ബന്ധം?-ഇന്നി

൨. സുന്ദരഗാത്രന്മാരാകും, നന്ദനരിഹ
വന്നുചേരായ്കകൊണ്ടഹോ!
മന്നവ! മനതാരിൽ ഖിന്നത പെരുകുന്നു
ഒന്നിനുമൊരുത്സാഹം തോന്നുന്നുമില്ല തെല്ലും—ഇന്നി

ഭൈരവി—ചെമ്പട.

പല്ലവി.

ഉത്തമാംഗി! നിനക്കേതുമുൾത്താപം വേണ്ടിതുമൂലം
മത്തവാരണഗമനേ! മാമകവാചാ
ചിത്തമോദ ... ...

Digitized By Kerala Sahitya Akademi

അനുപല്ലവി.

പുത്രൎക്കൊരു തുണ സാക്ഷാൽ വിശ്വാ-
മിത്രമഹാമുനിയില്ലേ പാൎത്താൽ?—ഉത്തമാംഗി!

ചരണം.

രാമലക്ഷ്മണന്മാരേതും താമസിച്ചിടാതെ സുഖം
സമ്മോദം വന്നിങ്ങു ചേരുമേ, ആയതോൎത്തുള്ളിൽ
ആമയം വേണ്ടിഹ തെല്ലുമേ
ആമിഷഭോജികളെക്കൊലചെയ്യാൻ
കേമന്മാരവരില്ല വിവാദം—ഉത്തമാംഗി!

കാമോദരി—ചെമ്പട.

ഇതി ദശരഥഭൂപേ സാന്ത്വയിത്വാ സ്വകാന്താ
മധിവസതി പുരീം സ്വാമാത്തമോദാകുലേസ്മിൻ
കുശികസുതമുനീന്ദ്രഃപ്രേഷിതഃ കോപി ദൂതോ
ഭൃശതരമുദിതസ്തം പ്രാപ്യ നത്വാ ബഭാഷേ. ൨൫

പല്ലവി.

കീൎത്തനീയഗുണാംബുധേ! തവ പാദപങ്കജയുഗം
പാൎത്ഥലേശ്വരവര! വന്ദേ.

അനുപല്ലവി.

ചീൎത്ത സൽഗുണവാരിധി കൌശിക-
നാസ്ഥയോടരുളുന്നതു കേൾക്ക—കീൎത്തനീയ

ചരണങ്ങൾ.

൧. ധന്യന്മാരാകും തവ നന്ദനന്മാരും ഞാനു-
മൊന്നിച്ചന്നു പോന്നിട്ടു പിന്നെ, ഘോരമാം വനം-
തന്നിൽക്കടന്നപ്പോഴേ താന്നെ, ഞങ്ങടെ നേരേ
മന്ദമെന്നിയെ വന്നു താടക-
യെന്നഹോ! പുകഴുന്ന രാക്ഷസി
കൊന്നിതു ദന്യയയാമവളെബ്ബത! രാമൻ
തവ സുതനഭിരാമൻ—കീൎത്തനീയ

൨. ബദ്ധമോദം പോന്നിങ്ങു ശുദ്ധമായിട്ടും മമ

Digitized By Kerala Sahitya Akademi

സിദ്ധാശ്രമത്തിൽ വന്നുചേൎന്നു, യാഗദീക്ഷ ഞാൻ
ശ്രദ്ധയാ തുടങ്ങിനേനന്നു, രാക്ഷസന്മാരും
ഉദ്ധതന്മാരൊടൊത്തുചേൎന്നുട-
നെതിരിയിങ്ങു വരുതരത്തൊടു
യുദ്ധമതിൽ തവ പുത്രരഹോ! നിഹനിച്ചു
മഖമപി ച വഹിച്ചു—കീൎത്തനീയ

൩. പാരാതെ പിന്നെയിങ്ങു പോരും വഴിക്കു മുനി-
ദാരങ്ങളായോരഹല്യക്കു, ശാപമോക്ഷവും
ശ്രീരാമൻ കൊടുത്തു മുദാ, മിഥില പുക്കു
മാരശാസനഘോരകാൎമ്മുക-
മീ രഘൂദ്വഹവീരനുക്കൊടു
സാദരമെടുത്തു പിടിച്ചു കലച്ചു വലിച്ചു
ബത! ഝടിതി മുറിച്ചു—കീൎത്തനീയ

൪. അത്ര ജനകരാജപുത്രിയാം സീതയെപ്പോൾ
പിത്രാ ശ്രീരാമഗളനാളേ, മാലയുമിട്ടു
ചിത്തമോദേന വേളി നാളേ, നടത്തീടുവാൻ
ഓൎത്തു വയമിഹ ചീൎത്ത കുതുകമൊ-
ടാസ്ഥയാൎന്നയി! പാൎത്തിടുന്നിതു
പുത്രകളത്രസുമിത്രഗണത്തൊടു സാകം
വരികിഹ നൃപ! വേഗം—കീൎത്തനീയ

ബലഹരി—ചെമ്പട.

പല്ലവി.

മോദകരം തവ വചനം കൌശിക-
ഋഷേ! ഗുണാംബുനിധേ!

ചരണങ്ങൾ.

൧. പ്രീതിദമിന്നു നമുക്കൊരു സുദിനം
വാദമതില്ലതിനേതും സുമതേ!—മോദകരം

൨. പുത്രകളത്രഗണാദികളോടു ഞാ-
നത്ര പുറപ്പെട്ടീടുവനധുനാ—മോദകരം



Digitized By Kerala Sahitya Akademi

ന. ഗുരുവരനായ വസിഷ്ഠമഹാമുനി
കരുതിച്ചെന്നു വരേണമിദാനീം—മോദകരം
ര്‌. മന്ത്രികളും, സേനകളും, സേനാധിപരും
ചന്തമൊടഖിലരുമെത്തണമിപ്പോൾ— മോദകരം
ല. വെടികളുമിടയിടെ വാദ്യസമേതം
കൊടിക്കൂടതഴകളശേഷം വേണം—മോദകരം
ന്ന. ഘോഷമൊടിങ്ങനെ വരുമഥമിപ്പോൾ
തോഷാൽ നീ ചെന്നോതുക മുൻപേ—മോദകരം

ആഹരി—അടന്ത.

ഇത്ഥം പ്രസ്ഥാപ്യ ദൂതം ദശരഥനൃപതൗ
മോദപൂർണ്ണാകുലേസ്മിൻ
സാർദ്ധം സർവൈസ്സദാരാത്മജയുഗഗുരുമ-
ന്ത്രീന്ദ്രസേനാഗണാദ്യൈഃ
ഗത്വാരുഹ്യാശു ഹൈമം രഥമഥ മിഥിലാം
രാമസംപ്രാപ്തിപൂതാം
പ്രാപ്തേ സമ്പൂജ്യ മോദാജ്ജനകനൃപവരഃ
പ്രാഹ തം സ്നേഹപൂർവ്വം. വന്ന

ചരണങ്ങൾ.

ഫ. സൂര്യാന്വവായപതേ! സ്വാഗതം ഹേ! ഭവതേ
വീര്യവിക്രമാംബുധേ! വിശ്രുതകീർത്തിനിധേ!
വ. ധന്യ! തേ ദർശനത്താലിന്നു മേ സുദിനം താൻ
ഉന്നതാനന്ദമിപ്പോൾ വന്നുയരുന്നു ചിത്തേ.
ന. അത്ര നമുക്ക നാലു പുത്രിമാരുണ്ടിങ്ങോർത്താൽ
അത്രഭവാനു നാലു പുത്രന്മാരുമുണ്ടല്ലോ.
ര്‌. വേഗമോടിനിയിപ്പോൾ വേളിക്രിയാദിയെല്ലാം
ഭാഗധേയാംബുനിധേ! ഭംഗ്യാ നടത്തുകല്ലീ?

ധനാശി—ചെമ്പട.

ചരണങ്ങൾ.

ഫ. മംഗലാകൃതേ! നൃപപുംഗവ! ഭവാനുടെ
ഇംഗിതം പോലെയെല്ലാമിങ്ങും സമ്മതമല്ലോ.

Digitized By Kerala Sahitya Akademi

വ. മാമകപുത്രൻ രാമൻ ഭൂമിപ! ഭവാനുടെ
ജാമാതാവായതോൎത്തിന്നാമോദം പെരുകുന്നു.
ന. ചാച്ച നാം തമ്മിലേവം ചേൎച്ചപോലുണ്ടായതും
ഈശ്വരേച്ഛയാലെന്നു രീച്ചയായ്കരുതുന്നേൻ.
ശ. ധന്യൻ വസിഷ്ഠൻ, ശതാനന്ദൻ, കൌശികനിവർ
ഇന്നു വിധിക്കുംവിധം നന്ദ്യാ നടത്താമെല്ലാം.

നീലാംബരി—അടന്ത.

ഏവം രാജൎഷിമാരുൾക്കൌതുകമൊടരുളി-
ത്തത്ര വൎത്തിച്ചിടുമ്പോൾ
ദേവൻ ശ്രീരാമചന്ദ്രൻ നിജസഹജന്മാരോടും
ചെന്നു വന്ദിച്ചു ഭക്ത്യാ
ഭാവം പാരം തെളിഞ്ഞാദ്ദശരഥനൃവരൻ
പുത്രരേസ്സതമാം താൻ
താവും മോദേന പുൽകിശ്ശിരസി ബത! നുക-
ന്നാജ്ഞസാ സഞ്ജഗാദ. ൨൧

ചരണങ്ങൾ.

ഏ. മമ തനയ! നീ കേൾക്ക മമതയോടെൻവചനം
സുമതേ! തനുവിജിതസുമ! തേ ശുഭം ഭവതു. [നാൽ
വ. സഹസാ കൌശികനോടു സഹ സാധോ! ചേന്നിതി
മഹിതന്നിലതിമാത്രം മഹിതനായ്തീൎന്നു നീയും.
ന. അടവി പൂകുവാനപ്പോളടവിലാ മുനിയോടും
മടി വിട്ടു രാമ! നീയെൻമടി വിട്ടു പോയിതല്ലോ. [ഞാ
ശ. സുതരാം വേഗമോടപ്പോൾ സുതരാം നിങ്ങൾ പിരി
കഥയേ ഞാൻ കഥമിപ്പോൾ കഥയേ സന്ത്യഥം രാമ!
ള. നന്ദന! മമ ചിത്താനന്ദന! നീയെൻതാപം
തന്നംഗസംഗാമൃതം തന്നംഗ! തീൎത്തു മോദാൽ.

നവരസം—അടന്ത.

ചരണങ്ങൾ.

ഏ. ജനക! താവകപാദം ജനിതാനന്ദമിന്നു തേ
തനയന്മാരിതാ ഞങ്ങൾ തരസാ താണുകൂപ്പുന്നു.

Digitized By Kerala Sahitya Akademi

വ. കൌശികമുനിതന്റെ കാരുണ്യംകൊണ്ടും തവ
ആശീസ്സുകൊണ്ടും ഞങ്ങളാശു സാധിപ്പതെല്ലാം.

ന. ത്വൽകൃപയുണ്ടെന്നാകിൽ തൎക്കമില്ലിങ്ങൊന്നിനും
ശക്യം സമസ്തം കാൎയ്യം ശാശ്വതകൃപാംബുധേ!

ദണ്ഡകം.

ഫ. ഇത്ഥം കഥിച്ചു ചരണത്തിൽപ്പതിച്ചു നിജ-
പുത്രദ്വയത്തെ നൃപവീരൻ, ദശരഥനുദാരൻ,
ദയയൊടു ഗഭീരൻ, പുനരപി പുണൎന്നരിയ
പുരമതിലമന്ദസുഖമാൎന്നു വാണു ബഹുധീരൻ.

വ. ചൊല്ലാൻ പ്രയാസമെതിരില്ലാതെ തീൎത്ത നവ-
കല്യാണമണ്ഡപസുഭംഗി, ബഹുലരുചി പൊങ്ങി,
ബത! വിയതി തിങ്ങി, പുനരുടനലംകൃതികൾ
പുരമതിലശേഷമപി പൂരിച്ചു തദ്യുതി വിളങ്ങി.

ന. ചാൎത്തിച്ച നല്ലൊരു മുഹൂൎത്തം ശുഭം പരമ-
ടുത്തന്നു കണ്ടമിതതോഷം, ബത! വിഗതദോഷം,
ബഹുലതരഘോഷം, പടുപടഹകടുനിനദ-
മൊടു വെടികൾ രവവുമഥ പൂരിച്ചു ദിക്കുകളശേഷം.

ര. ആനന്ദവാൻ മുനി ശതാനന്ദനാശുതര-
മാനായ്യ രാമമഴകോടുടെ, സഹജരൊടു കൂടെ,
സപദി മണിപീഠം, ഇരുവശവുമഥ കുശിക-
വിധിസുതരൊടൊത്തു ബത! പൂജിച്ചിരുത്തി പരി

ഭ. ചിത്രം! തദാ ജനകപൃഥ്വീശ്വരൻ നിജക- [ച്ചോടേ
ഉത്താനപാണിതൻ ദ്രുതമഃഖേദം, കലിതതരമോദം,
രഘുതിലകപാദം, മഹിതതരമഥ കഴുകി
മുഹുരപി ച സലിലമതു മൂൎദ്ധാവിലറ ഗതവാദം.

ന്ന. സാധുതപമാനന്നൊരു പുരോധസ്സു സൽക്രിയകൾ
സാധിച്ചു കൊണ്ടുനിന്നിരുന്നു, ഹുതവിധി തുടൎന്നു,

Digitized By Kerala Sahitya Akademi

ഹുതവഹനുമന്നു, സപദി നൃപസുതകളപി
സകലവുമണിഞ്ഞു ബത! സവ്രീളമങ്ങപിടെ വന്നു.

തോടി — ചെമ്പട.

ശ്രീമാൻ പുരോഹിതനൊരുച്ചു ചെയ്തു സർവ്വാ
ധിമാൻ മുദാ ജനകഭൂപതി പുത്രിമാരെ
രാമാദികൾക്കുടകവൃർവ്വകമ്മകിയപ്പോൾ
പ്രേമാന്വിതം സരസമേവമുവാച വാചം. ഹൃ

ചരണങ്ങൾ.

൧. പൂതമാനസ! രാമ! സീതയാമെൻപുത്രിയേ
ജാതമോദം തരുന്നേൻ പ്രീതനായ് കൈക്കൊണ്ടാലും.

൨. വൻപെഴും ലക്ഷ്മണ! ഞാനെൻപുത്രി ഊർമ്മിളയേ
അൻപിൽത്തരുന്നേൻ ഭവാൻ സമ്പ്രീത്യാ കൈക്കൊ
[ണ്ടാലും.

൩. മോദാൽ ശ്രുതകീർത്തിയാം സോദരപുത്രിയെ ഞാൻ
സാദരം ഭരത! നിർവാദം തരുന്നേൻ തവ.

൪. ശത്രുഘ്ന! മൽസഹജപുത്രിയാം മാണ്ഡവിയേ
അത്രഭവാനിതാ ഞാനത്ര തരുന്നേൻ മോദാൽ.

ശങ്കരാഭരണം — മുറിയടന്ത.

ക്ഷീരാബ്ധി വിഷ്ണുവിനു ലക്ഷ്മിയെയെന്നവണ്ണം
ധീരാശയൻ ജനകഭൂപതി സീതയേത്താൻ
ശ്രീരാമചന്ദ്രനു കൊടുത്തു കടുത്ത മോദാൽ
പാരാതെ കൌശികവസിഷ്ഠരൊടിത്ഥമൂചെ. ഉൻ

പല്ലവി.

ഉത്തമമുനികുലസത്തമരണിയുന്ന
മുത്തുകളേ! തൊഴുന്നേൻ.

അനുപല്ലവി.

സത്യമായൊന്നു ഞാൻ സതപരമുരചെയ്യാം
ശ്രദ്ധവെച്ചു മോദാൽ ശ്രവിപ്പിനായതുമിപ്പോൾ — ഉ



Digitized By Kerala Sahitya Akademi

ചരണങ്ങൾ.

൧. ക്രതുഭൂമിയുഴുതൻ ഞാൻ വിശുദ്ധിക്കായ്പുരാ നന്നായ്
അതുകാലമുളവായീ അവിടെനിന്നൊരു കന്യാ
ബത! സീതയതിൽനിന്നിങ്ങുളവായതിനാൽത്തന്നെ
അഥ സീതയിതി നാമം വിളിച്ചുനായവൾക്കന്നേ-ഉ

൨. മമ കാന്ത മകളാക്കി മടിയിൽ വെച്ചനുവേലം
മമതയോടവളൊത്തു മരുവിനാളതുകാലം
വിമലൻ നാരദമുനി വിരവിലിങ്ങെഴുന്നള്ളി
സുമതിയെന്നോടു ഗൂഢം സുഖമോടോന്നുടൻ ചൊ

൩. "ദേവദേവൻ മുകുന്ദൻ ദേവകാര്യാർത്ഥമിന്നു [ള്ളി—ഉ
ഭുവിതിലയോദ്ധ്യയിൽ രാമനായ്പിറവുന്നു
ദേവി ഭാർഗ്ഗവി തന്നെ സീതയായതു നൂനം
ആ വീരൻ വന്നു മോദാലിവളെ വേൾക്കുമന്യൂനം"-ഉ

൪. ഇതി ദേവമുനി ചൊന്നതിഹ സിദ്ധമെന്നു ചൊല്ലാം
കൃതിയാം കൗശികൻതന്റെ കൃപമൂലമിവയെല്ലാം
കൃതകൃത്യോഹമിക്കാര്യം കളിയോ? ഹന്ത! നിസ്തുല്യം
ഇതിനാലദ്യ സംസിദ്ധമിന്ന മേ ജന്മസാഫല്യം—ഉ

ഇടശ്ലോകം.

ഇത്യുക്ത്വാ തപസ്സന്ദ്രാൻ ദശരഥനൃവരം
തസ്യ സൂനൂംശ്ചാപി സർവാ-
നന്യാൻ സമ്പൂജ്യ പൂജ്യാൻ ജനകനൃപവരോ
ഗാഢമാലിംഗ്യ സീതാം
ദത്വാ രാമായ വിത്തം ഗജരഥതുരഗാ-
ദ്യപ്യസംഖ്യം വിശങ്കം
പ്രസ്ഥാപ്യ സ്വസ്ഥചിത്തസ്സുഖമവസദസൌ
രാജധാന്യാം സധന്യഃ. ൩൦

മദ്ധ്യമാവതി—ചമ്പ.

കൊട്ടിഘോഷിച്ചു രാമൻ ജനകസഹജദാ-
രാദ്യരോടൊത്തു ലോകം

Digitized By Kerala Sahitya Akademi

ഞെട്ടിപ്പൊട്ടുന്ന കോലാഹലമൊടുമിടചേ-
ന്നങ്ങു സൈന്യങ്ങളോട്ടം
തുഷ്ട്യാ ചെന്നോരു നേരം പഥി പലവിധദു-
ല്ലക്ഷണം തൽക്ഷണം ത-
ദൃഷ്ട്യാ കണ്ടാത്തു ചോദിച്ചിതു ദശരഥനാ-
ചാര്യനോടാര്യശീലൻ. ന്നൃ

ചരണങ്ങൾ.

൧. ഇന്നിവിടെ മൽഗുരോ! ദുന്നിമിത്തം പരം
വന്നിടുവതിന്നഹോ! ബന്ധമെന്തോക്കിൽ?

൨. ഊക്കൊടു മരുത്തിനാൽ വായ്ക്കുന്ന ധൂളിയാൽ
ഭാസ്കരനുമിന്നഹോ! പാരം മറഞ്ഞുപോയ്

൩. പെട്ടന്നു പാംസുഗണവൃഷ്ടിയിതുകാരണം
ദൃഷ്ടികൾ തുറക്കുവാൻ കഷ്ടമരുതാക്കമേ.

൪. ഘോരാന്ധകാരമിഹ പാരിൽപ്പരക്കുന്നു
പാരിച്ചൊരാധി ഹൃദി പൂരിച്ചിടുന്നു മേ.

൫. എന്തിതിനു ഭാവിഫലമെന്നതു ഭവാനുടൻ
ചിന്തിച്ചു സാമ്പ്രതം ചിതമൊടരുളീടണം.

ശങ്കരാഭരണം—മറിമടന്ത.

പല്ലവി.

ആധി വേണ്ടാ ചെറുതും, ഭവാനിതി-
ലാശയ ഭൂപതീന്ദ്ര!.

ചരണങ്ങൾ.

൧. സാധോ! നിമിത്തം നിസ്സാരമിതെത്രയും
ബോധിക്ക സൽഗുണാംഭോധേ! ഹൃദി ദൃഢം—ആധി

൨. ഉൽകടമനത്ഥമൊന്നുണ്ടാകുമെങ്കിലും
ദുഘടമതപ്പോഴേ ദൂരത്തു നീങ്ങീടും—ആധി

൩. ഉല്ലാസമൊടു പല സല്ലക്ഷണങ്ങളും
കല്യാണവാരിധേ! കണ്ടിടുന്നുണ്ടിഹ—ആധി

Digitized By Kerala Sahitya Akademi

ദ്വിജാവന്തി—ചെമ്പ.

ഇത്ഥം തസ്മിൻ മുനീന്ദ്രേ ഗദതി കടുതര-
ക്രോധത്രുഷ്മാക്ഷികോണം
ഹസ്താഗ്രോദ്യൽകുഠാരം കരതലവിലസൽ
ഘോരകോദണ്ഡകാണ്ഡം
ക്ഷത്രക്ഷ്മാപാലകാലം ഘനനിഭവപുഷം
ഭാർഗ്ഗവം പ്രാംശുകായം
ത്രസ്തഃ ക്ഷ്മാപോ നിരിക്ഷ്യ ദ്രുതമയമിദമോ-
ചഷ്ടസാഷ്ടാംഗപാതം. ൩൨

ചരണങ്ങൾ.

൧. ഭാർഗ്ഗവമഹാമുനേ! ഭാസ്വരതരാകൃതേ!
മാർഗ്ഗമിഹ ദേഹി മേ മാന്യഗുണവാരിധേ!
൨. കോപമിതു ഭക്തരിൽ കൊള്ളാവതോ തവ?
താപമിഹ വാച്ഛുന്നു താപസാഗ്രേസര!
൩. പാലിച്ചുകൊൾക മമ പുത്രരെസ്സാമ്പ്രതം
കാലിണ തൊഴുന്നു ഞാൻ കാരുണ്യവാരിധേ!

ഘണ്ടാരം—മുറിയടന്ത.

സ വൃദ്ധഭൂപസ്യ വചോ നിരസ്യ തൽ
പ്രവൃദ്ധരോഷോൽകടരൂക്ഷവീക്ഷണഃ
സചാഹസ്തസന്ദീപ്തകുഠാരകാർമ്മുകഃ
പ്രഹസ്യ രാമം ഗിരമിത്യഭാഷത. ൩൩

ചരണങ്ങൾ.

൧. ദുഷ്ട! രാഘവ! തിഷ്ഠ തിഷ്ഠ
വിശിഷ്ടനിന്ദക! നിന്നെഞാൻ
കഷ്ടചേഷ്ടിത! നഷ്ടനാക്കുവെ-
ന്നൊട്ടുമില്ലിഹ സംശയം
നൃപതിവർകുലവിപിനദ-
വദഹനോസ്മി ഭാർഗ്ഗവനേഷ ഞാൻ
സപദി തവ കുലമഖിലമ-
പി ചലു ഭസ്മമാക്കുവെനിക്ഷണം.

Digitized By Kerala Sahitya Akademi

ഭാ. കേമനെന്നു നടിച്ചു ക്ഷത്ര-
നാമമെന്തു ധരിക്കുവാൻ?
നാമൊഴിഞ്ഞൊരു രാമനിന്നിഹ
ഭൂമിയിൽ സ്ഥിതി ചെയ്യുമോ?
ചെറുമിഹ തവ മനസി നഹി-
ഭയമെങ്കിലാശു ദുരാശ!
വരിക വിരവൊടു വിരുതനാകിയ നീ
പൊരുതുകെന്നൊടനാകുലം.

രാ. ജീർണ്ണമായ പുരാണകാർമ്മുക-
ഖണ്ഡനാൽ ഞെളിയായ്ക്കെടാ!
ശൗണ്ഡനെങ്കിൽ മദീയവൈഷ്ണവ-
ചാപമാശു കുലക്ക നീ
ചരിതമിതിലില്ലമരിയ ഗുണമുട-
നേററിടായ്കിലരക്ഷണം
സരസതരമിഹ ചെറുതു പൊരുതുവെ-
ന്നരികിൽ വന്നിടു കഞ്ജസാ.

കേദാരഗൗഡം—ചെമ്പട.

ഇത്ഥം ക്രുദ്ധമദാന്ധേ വദതി ഭൃഗുമനൗ
തത്ര ഘോരാന്ധകാരാ-
ദന്ധീഭൂതേ ജനൗഘേ ഝടിതി ഭൃശതരം
കമ്പിതേ ഭൂതലേസ്മിൻ
തസ്യാച്ഛിദ്യാശു ഹസ്താദ്ധനുരഥ ഗുണമാ-
രോപ്യ സന്ധായ ബാണം
ബദ്ധാടോപം രഘൂണാം പതിരധികരുഷാ
വീക്ഷ്യ തം ത്ര്യക്ഷമൂചേ. ന ര

ചരണങ്ങൾ.

ഭാ. ഊററക്കാട്ടു വന്നൊരു ഭാർഗ്ഗവ! നോക്കുക
മാർഗ്ഗണമിന്നിതു മേ, പഥി



Digitized By Kerala Sahitya Akademi

കട്ടതും പട്ടുതച്ചെടുത്തു വന്നിഹ
തട്ടുന്നതോ നോ യുദ്ധനായ്?

൨. ഹന്ത! പെരുത്തൊരഹന്തയെഴുന്ന നീ-
യന്തണനായതിനാൽ, ബത!
പെരുത്ത കരുത്തൊടുരത്ത നിൻഗള-
മറുത്തിടാൻ മടി മേ.

൩. ശ്ലാഘയെഴുന്നൊരു രാഘവശരമിതു
മോഘമതായിവരാ, ദൃഢ-
മെടുത്തു തൊടുത്ത കടുത്തൊരമ്പിതു
തടുത്തിടുന്നതെവൻ?

൪. ലാക്കിലിതിന്നൊരു ലാക്കിഹ നീ പര-
മൂക്കൊടു കാട്ടുക, ഖലു
കരിഞ്ഞു പൊരിഞ്ഞു കരഞ്ഞു നിഖിലരു-
മെരിഞ്ഞുപോം നഹി ചേൽ.

ആനന്ദഭൈരവി—ചമ്പ.

ത്ര്യക്ഷാക്ഷേപോക്തിയേവം സരഭസമരുളി-
സ്സൂര്യകോടിപ്രകാശൻ
സാക്ഷാൽ ശ്രീരാമചന്ദ്രൻതിരുവടി പരമൂ-
ക്കോന്നഹോ! നിന്ന നേരം
സൂക്ഷിച്ചൊന്നാശു വീക്ഷിച്ചഥ ഭൃഗുതനയൻ
തത്വമോത്താസ്ഥയോടാ-
ബൃക്ഷിത്തിൻപുത്രനോടിങ്ങനെ വിവശതരം
ചൊല്ലിനാൻ കല്യശീലൻ. ൩൭

ചരണങ്ങൾ.

൧. സത്വഗുണസമ്പൂർണ്ണ! ശശിവദന! രാമ!
സത്തമ! സരോജദളനയന!
രാത്രിചരഘോരവനദഹന! വീര!
ഗാത്രവരകാന്തിജിതമദന!

Digitized By Kerala Sahitya Akademi

൨. നിന്നുടയ തത്വമതു വിദിതം, എന്നാൽ
തന്നെന്നു മുരാരി ഹരി നിയതം
എന്നിലയി! ധാമ തവ നിഹിതം, മന്നം
ഇന്നതു ഹൃതം സപദി മഹിതം.

൩. ദൈത്യരിപു ചാരുപാദകമലം, ബാല്യേ
കൃത്യമൊടുമഭജമഹമമലം
പ്രത്യക്ഷമന്നരുളി സകലം, വിഷ്ണു
വ്യത്യാസമില്ലതിനു ശകലം.

൪. നിന്നിലുരുഭക്തി മമ വരണം, നിത്യം
ഇന്നു വരമായതിനു തരണം
വന്ദ്യ! തവ ചാരുതരചരണം, സ്വാമിൻ!
വന്ദേ ത്വമേവ മമ ശരണം.

൫. ആക്ഷമൊടു ലോകമിതു നിഖിലം, വെൽവാൻ
ആജ്ഞിച്ച മത്സുകൃതമഖിലം
ലാക്കായിട്ടെ തവ വിപുലം, വീഴ്‌ച
ഓക്കിൽ മമ ജന്മമിഹ സഫലം.

കാമോദരി—ചമ്പ.

ചരണങ്ങൾ.

൧. തുഷ്ടനഹമദ്യ പുരുബല! തേ, ബ്രഹ്മൻ
ശിഷ്ടതര! സദ്ഗുണജലധേ!
യദ്യത്തവാസ്തി ഹൃദി സ്മതേ! സർവ്വം
തത്തദസ്തു ശുഭവസതേ!

൨. ഭോ! വേണ്ട ശങ്ക മമ വചനേ, വേഗം
പോകയി! മഹേന്ദ്രഗിരിയതിനേ
ആവാസമാക്കി ബത! വിജനേ, വാഴ്‌ക
ആകല്പകാലമിഹ ഭുവനേ.

Digitized By Kerala Sahitya Akademi

പുറനീര—ചെമ്പട.

ഇത്ഥം ശ്രുത്വാ രഘുപതിഗിരം
ഭക്തിസംയുക്തചിത്തേ
നത്വാ പാദേ നളിനസദൃശേ
നിർഗ്ഗതേ ഭാഗ്യവേസ്മിൻ
മുക്തധ്വാന്തേ സപദി ഭുവനേ
സുപ്രസന്നേ നൃപേന്ദ്രാ
ദൃഷ്ട്വാ സ്വാസ്ഥ്യം തനയമവദൽ
ഗാഢമാലിംഗ്യ മോദാൽ. ൧൩

ചരണങ്ങൾ.

൧. നന്ദന! മമ രാമ! നന്ദനീയസൽഗ്ഗുണ!
എന്നും നിനക്കു ജയം വന്നുഭവിച്ചീടട്ടെ.

൨. ഇന്നു മരിച്ചു തിരിച്ചിങ്ങു വന്നതുപോലെ
നിന്നെ ഞാൻ കണ്ടിടുന്നെന്നു പറഞ്ഞീടാവൂ.

വസിഷ്ഠർ.

ഞങ്ങളെയൊക്കെ നീ താൻ മങ്ങാതെ കാത്തതിപ്പോൾ
ഭാഗമററതേ നിത്യം മംഗളം ഭവിക്കട്ടെ.

ശ്രീരാമൻ.

൧. ശ്രീമൻ! മത്താത! തവ കോമളപാദാംബുജം
സാമോദമിഹ ഭക്ത്യാ രാമോഹം വന്ദേ സദാ.

൨. താവും മാഹാത്മ്യമേഴും താവകാനുഗ്രഹത്താൽ
ഈ വിധമൊക്കയും ഞാൻ കേവലം സാധിക്കുന്നു.

൩. മൽഗ്ഗുരോ! മഹാമുനെ! സൽഗ്ഗുണഗണാംബുധേ!
ത്വൽകൃപ തന്നെയിതിനൊക്കയും മുഖ്യമൂലം.

൪. ദേശികന്മാരുടെ നല്ലാശിസ്സു ലഭിച്ചെന്നാൽ
ആശിച്ചതെല്ലാമാക്കുമാത്തു സാധിക്കാമല്ലോ.

Digitized By Kerala Sahitya Akademi

൮. വിരുത! ലക്ഷ്മണ! വീര! ഭരത! ശത്രുഘ്ന! ബാല!
പുരിതന്നിൽ നമുക്കിനി ത്വരിതമെത്തണമിപ്പോൾ.

൯. ബാലേ! വരിക ശുഭശീലേ! മൽപ്രിയേ! സീതേ!
മാലിനി വേണ്ട ഗുണശാലിനി! പോകാമിപ്പോൾ.

൰. എല്ലാവരും ചേൎന്നു ചൊല്ലാളും പുരി പുക്കു
ഉല്ലാസമാൎന്നു നിത്യം വല്ലഭേ! വാഴാം സുഖം.

ഉക്ത്വാ ചൈവം മഹാത്മാ പിതൃജനസഹജാ-
ചാൎയ്യദാരാദിഭിസ്സൈന്യ-
ൎയ്യുക്ത്വാ സാൎദ്ധം സമസ്തൈൎന്നിജനഗരവരം
പ്രാപ്യ സന്തൃപ്തചേതാഃ
നിത്യാം കാന്താം സ്വകാന്താം ജനകനൃപസുതാം
പ്രീണയന്ന്യോ ന്യവാത്സീൽ
"സ്വഃസ്ഥാ ധീരഃ പ്രദദ്യാൽ" കലിതസുഖമയം
മംഗളം രാമദേവഃ. ൯൧

ശുഭം



Digitized By Kerala Sahitya Akademi